കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2193/2019

കേരള സംസ്ഥാന ഓഡിറ്റ് വകു

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുര

തീയതി: 02.03.202

ഫോ ൺ. 0471 23312

ഇ-മെയിൽ lfadtvm@yahoo.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കോട്ടുകാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 1 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 201 19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർ ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കാ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമാ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയ തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോ

(ഒപ്പ

ഡെപ്യൂട്ടി ഡയറക്ട

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2193/2019 തീയതി: 02.03.2020

## തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ 22.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണങ്ങൾക്കു ലഭ്യമാക്കിയ മറുപടി പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണികൃഷ്ണൻ പി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2019 മുതൽ 30.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനിൽ കുമാർ ആർ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദുലത ബി.പി., സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി.ജി, ഓഡിറ്റർ |
| | ശ്രീ. വിനുകുമാർ പി.കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സജി റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഹരിൻ ബോസ്.എ | 01.04.2018 മുതൽ 30.6.2018 വരെ |
| | ശ്രീമതി.ഷീജ പി.എസ് (ചാർജ്ജ്) | 01.7.2018 മുതൽ 15.7.2018 വരെ |
| | ശ്രീ.വിഷ്ണു നമ്പൂതിരി | 16.7.2018 മുതൽ 26.3.2019 വരെ. |
| | ശ്രീമതി.ഷീജ പി.എസ് (ചാർജ്ജ്) | 27.03.2019 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുമ റോസ് സുന്ദർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, നോർത്ത് സർക്കിൾ | ശ്രീമതി. ഷീജ സി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, 2 സൗത്ത് | ശ്രീമതി.ബിന്ദു കെ വി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരിത ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ഷീജ പി എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ, സി.എച്ച്.സി. | ഡോ. സുകുമാരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ഹോമിയോ | ഡോ. സെലീന കെ ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി ഡോക്ടർ | ഡോ. ശിവ സെന്തിൽ കുമാർ | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി ലത എ | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സനൽകുമാർ എം | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ഗ്രേസി | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി. റീന | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കോസ്റ്റൽ റഗുലേറ്ററി സോൺ നോട്ടിഫിക്കേഷൻ 2011 ലംഘിച്ച് അനധികൃത നിർമ്മാണങ്ങൾ | 1-12 |
| 13 | കെട്ടിട നിർമ്മാണാനുമതി, നമ്പറിംഗ്, ക്രമവത്ക്കരണം ഫയൽ തയ്യാറാക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവ് ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല | 1-14 |
| 15 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-15 |
| 16 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതിഈടാക്കിയില്ല | 1-16 |
| 17 | തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം | 1-17 |
| | | |

| | | |
|---|---|---|
| 18 | കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല | 1-18 |
| 19 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല | 1-19 |
| 20 | ഡി&ഓ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല. | 1-20 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-21 |
| 22 | ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കണം | 1-22. |
| 23 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല | 1-23 |
| 24 | സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ - പിഴ ഈടാക്കിയില്ല. | 1-24 |
| 25 | ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങളിലെ അപാകതകൾ | 1-25 |
| 26 | മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ ചെലവുകൾ - തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 28 | കേന്ദ്ര സർക്കാർ, വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ഒടുക്കുവാനുള്ള തുകകൾ ഒടുക്കു വരുത്താതെ അവശേഷിക്കുന്നു. | 1-28 |
| 29 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-29 |
| 30 | ഇ.എം.എസ് ലോൺ അധികതുക തിരിച്ചടച്ചു. | 1-30 |
| 31 | ഐ.കെ.എം-ന പ്രവർത്തനഫണ്ട നൽകിയതിലെ അപാകത | 1-31 |
| 32 | അംഗൻവാടിക്കായി വാങ്ങിയ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല | 1-32 |
| 33 | 5 ലക്ഷം രൂപയിലധികം അടങ്കലുള്ള പദ്ധതികൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 1-33 |
| 34 | സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ | 1-34 |
| 35 | പദ്ധതികൾക്കായി പുതിയ ടെണ്ടറുകൾ സ്വീകരിക്കാതെ പഴയ കരാറുകാരുടെ കാലാവധി നീട്ടി നൽകുന്നു | 1-35 |
| 36 | പ്രവൃത്തി ഫയലുകളിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയില്ല | 1-36 |
| 37 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല | 1-37 |
| 38 | കെ.എസ്.ഇ.ബി. മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ | 1-38 |
| 39 | അംഗീകൃത പദ്ധതിക്കു വിരുദ്ധമായി ചെലവ് ചെയ്തു | 1-39 |
| 40 | തെരുവ് വിളക്കു വാങ്ങൽ പദ്ധതി- ക്വട്ടേഷനിലുമധികമായി അനുവദിച്ച നികുതി തുക തിരികെ ഈടാക്കേണ്ടതാണ്. | 1-40 |
| 41 | വാഹനം വാടകയ്ക്കെടുത്തതിലെ അപാകതകൾ | 1-41 |
| 42 | അമ്പലത്ത്മൂല പൊതു ടോയ്ലറ്റ് പുനരുദ്ധാരണം - ഡിപിസി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി നടപ്പാക്കി | 1-42 |
| 43 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 1-43 |
| 44 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. | 1-44 |
| 45 | സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാതെ എയിഡഡ് സ്കൂളുകളിൽ പദ്ധതികൾ നടപ്പാക്കി. | 1-45 |
| 46 | ടെൻഡർ തുക കുറവ് ചെയ്തതിലെ അപാകത | 1-46 |
| 47 | തരിശ് ഭൂമി കൃഷിഭൂമിയാക്കൽ -മാർഗ്ഗരേഖ പാലിക്കണം | 1-47 |
| 48 | പാലിന് സബ്സിഡി -നടത്തിപ്പിലെ അപാകത | 1-48 |
| 49 | ഗുണഭോക്തൃലിസ്റ്റിന് കൃത്യതയില്ല | 1-49 |
| 50 | ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം | 1-50 |
| 51 | അംഗനവാടികളുടെ ഭൗതിക സാഹചര്യവും പ്രവർത്തനവും മെച്ചപ്പെടുത്തണം | 1-51 |
| 52 | ബാലസൗഹൃദ പഞ്ചായത്ത് ആക്കി മാറ്റൽ പ്രവർത്തനത്തിലെ | 1-52 |

| | | |
|---|---|---|
| | അപാകതകൾ | |
| 53 | അംഗൻവാടികൾക്ക് പാചകപാത്രം വാങ്ങിയത് ഏകീകൃത രീതിയിലല്ല | 1-53 |
| 54 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നിർവ്വഹണത്തിലെ അപാകതകൾ | 1-54 |
| 55 | വൃദ്ധർക്ക് കട്ടിൽ വിതരണം - മാർഗരേഖയിലെ സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല. | 1-55 |
| 56 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-56 |
| 57 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-57 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 58 | മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ ചെലവുകൾ - തുക നിരാകരിക്കുന്നു. | 3-1 |
| 59 | പ്രവൃത്തി ഫയലുകളിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയില്ല | 3-2 |
| 60 | ടെൻഡർ തുക കുറവ് ചെയ്തതിലെ അപാകത | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 64 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 65 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 66 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 68 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 69 | സ്ഥിരനിക്ഷേപം | 4-6 |
| 70 | ഓഡിറ്റ് റിക്കവറി | 4-7 |
| 71 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 72 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 73 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 74 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.3.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരുപ്പ് ഉൾപ്പെ 290210230/- രൂപ വരവും 265994794/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 175954996/ (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും ചെലവ് 144633537/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 18115849

വരവ് - 157839147

ആകെ -175954996

ചെലവ് - 144633537

നീക്കിയിരിപ്പ് -31321459

## 1-4 ഫണ്ട് വിനിയോഗം (റസീപ്റ്റ്സ് & പേയ്മെന്റ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | | 29611764 | 29611764 | 29611764 | 0 |
| എസ്.സി.പി | | 9716342 | 9716342 | 9716342 | 0 |
| ടി.എസ്.പി | | 135000 | 135000 | 135000 | 0 |
| സി.എഫ്.സി | | 11536222 | 11536222 | 11536222 | 0 |
| ബി ഫണ്ട് | | 1379880 | 1379880 | 1379880 | 0 |
| മെ. റോഡ് | | 18216260 | 18216260 | 18216260 | 0 |
| മെ. റോഡിതരം | | 5825448 | 5825448 | 5825448 | 0 |
| പൊതു അവശ്യ ഗ്രാന്റ് | -294610 | 13020702 | 12726092 | 5862017 | 6864075 |
| എൻ.ആർ.ഇ.ജി.എസ് | 37140 | 732386 | 769526 | 694548 | 74978 |
| DCB Own | 17653477 | 5462023 | 23115500 | 23008975 | 106525 |
| E Pay | 512626 | 253034 | 765660 | 649 | 765011 |
| saksharatha | 6233 | 0 | 6233 | 0 | 6233 |
| Life | | 26424524 | 26424524 | 26003224 | 421300 |
| KGB Own | | 35329109 | 35329109 | 12442225 | 22886884 |
| cash | 200983 | 196453 | 397436 | 200983 | 196453 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | ആകെ | 265 | 183840220 | 198 | 118659022 | - | 67 | 75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 37140 | 732386 | 769526 | 694548 | 74978 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 495190000 | 49519000 | 49519000 | |
| ആകെ | 37140 | 50251386 | 50258526 | 50213548 | 74978 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1145880 | 578 |
| കർഷക തൊഴിലാളി പെൻഷൻ | 10368000 | 870 |
| വിധവാപെൻഷൻ | 17238600 | 1367 |
| വാർദ്ധക്യകാല പെൻഷൻ | 24872400 | 2339 |
| വികലാംഗ പെൻഷൻ | 7363800 | 562 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 409600 | 33 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2019 രാവിലെ മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52259/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

(I) ഫ്രണ്ട്ഓഫീസ് സംവിധാനം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടില്ല. ജോലികൾ അപ്പപ്പോൾ ജീവനക്കാർക്ക് അനുവദിച്ചു നൽകിയിരിക്കുന്നു.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏറെക്കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായതായി കാണുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച അവലോകന റിപ്പോർട്ടുകൾ ഭരണസമിതിക്കു നൽകിയിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ii) ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണ എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡി എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല.

ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ച ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ ഇൻവോയ്സുകൾ ക്യാൻസൽ ചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. രജിസ്റ്ററുകൾ, ഫയലുകൾ, രേഖക എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്.

ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(iii) <u>വരവ്, ചെലവ് വിവരങ്ങൾ</u>

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയു ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. ജി.ഒ.(ആർ.ടി)1366/90/ത.സ്വ.ഭ. 27.03.1990പ്രകാരമുള്ള സാക്ഷ്യപത്രം ഹാജരാക്കാതെ തൊഴിൽനികുതിയിൽ നിന്നും ഒഴിവാക്കുന്നു.

iv) <u>തനതു ഫണ്ട് കേരള ഗ്രാമിൺ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ട് ജില്ലാ സഹകരണബാങ്കിൽ നിന്നും കേരള ഗ്രാമിൺ ബാങ്കിലേക്ക് മാറ്റിയിട്ടുണ്ട സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. തീയതി പ്രകാരം തനതു ഫണ്ടുകൾ ട്രഷറി അക്കൗണ്ടിനു പുറ ദേശസാൽകൃത ബാങ്കിലോ, സഹകരണബാങ്കിലോ മാത്രമാണ് സൂക്ഷിക്കാവുന്നത്.

v) <u>രജിസ്റ്ററുകളുടെ പരിപാലനം</u>

തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റര്, കെട്ടിട നികുതി ഇളവു രജിസ്റ്റർ, സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്ത തയ്യാറാക്കിയിട്ടില്ല. രജിസ്റ്ററുകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ട സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. ആസ്തിയുടെ യൂണീക് നമ്പർ പ്രോജ രൂപീകരണ ഫോറത്തിൽ ഉൾപ്പെടുത്താതെയാണ് അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്.

vi) <u>പദ്ധതി ആസൂത്രണം, തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ.</u>

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്ര പുലർത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ പൊതുവായ വികസന ലക്ഷ്യം മുന്നി കണ്ട് വിവിധ മേഖലകളിൽ പ്രായോഗിക തലത്തിൽ എത്തിക്കാൻ കഴിയുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന് വർക്കിം ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല. പദ്ധതികളുടെ തുടർപ്രവർത്തനവും കാര്യക്ഷമതയും മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല.

ആവശ്യകതാ നിർണ്ണയം നടത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഉദാഹരണമായി വി.ഇ,ഒ. നിർവഹണാധികാരിയാ ജലശ്രീ പദ്ധതിക്ക് ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാൽ പദ്ധതി ഫണ്ട് ലാപ്സാകാനിടയായി. പ്രൊക്യൂർമെന്റ് ചട്ടങ്ങ പാലിക്കാതെയും വാങ്ങലുകൾ നടത്തി. ഉദാഹരണം - അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ പദ്ധതി.

ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ അപേക്ഷകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാമസഭയിൽ നിന്നും അർഹതയുള്ളവരെയാണ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. വിവിധ പദ്ധതികളുടെ അപേക്ഷകളിൽ പൂർണമാ രേഖപ്പെടുത്തലുകൾ ഇല്ല.

ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള തുകകൾ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ലാതെയും, കരാറിൽ ഏർപ്പെടാതെയും നൽകിയിരിക്കുന്ന സെക്രട്ടറി നടപ്പാക്കിയ വിവിധ കരാർ പ്രവൃത്തികളിൽ കരാറുകാരുമായി യഥാവിധി കരാർ ചമച്ചിട്ടില്ല. പ്രവൃത്തികളിൽ മതിയാ തുകക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല. ഉദാഹരണമായി 650000/- രൂപ അടങ്കൽ തുകയുണ്ടായിരുന്ന പ്രോ. നം 107/19 പദ്ധതിക്കായി 25000/- രൂപ മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിയിട്ടുള്ളത്.

5 ലക്ഷത്തിലധികം അടങ്കലുള്ള പദ്ധതികൾക്കു ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ മാന്വൽ ടെണ്ടറുക സ്വീകരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുക വരുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററുകളിൽ ടെണ്ടർ ഓപ്പൺ ചെയ്ത തീയതി, അടങ്കൽ തുക, കരാറുകാർ ക്വോട്ട് ചെയ്ത നിരക്കുക ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ടെണ്ടർ ഓപ്പൺ ചെയ്ത സമയത്ത് സന്നിഹിതരായ കരാറുകാർ അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എസ്.എസ്.എ. വിഹിതമായി ഗ്രാമപഞ്ചായത്ത് തൻവർഷം 15 ലക്ഷം രൂപ ഒടുക്കിയതു എസ്.എസ്.എ.യുടെ ഡിമാന്റ് ലറ്റ ലഭ്യമാക്കാതെയാണ്. എസ്.എസ്.എ. യിൽ നിന്നും ഡിമാന്റ് ലറ്റർ ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ ഷെയർ മാത്രം ഒടുക്കുന്നതിനു വിശദമായ പൂർത്തീകരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

vii <u>മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിൽ വീഴ്ച.</u>

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ നേരിട്ട് പരിശോധന നടത്തി ആവശ്യകത വിലയിരുത്താത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ ചെയ്യേണ്ടതായി വരുന്നു. കരാറുകാരുമായി ഏർപ്പെടുന്ന ഉടമ്പടിയിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതിചേർക്കുന്നില്ല, പ്രോജ രൂപീകരണഫോറത്തിൽ നിഷ്കർഷിച്ചിരിക്കുന്ന സൈറ്റ് പ്ലാൻ ലൊക്കേഷൻ മാപ്പ് എന്നിവ എല്ലാ ഫയലുകളിലും ലഭ്യമല്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2019 | ഓഗസ്റ്റ്, സെപ്റ്റംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2015-15.05.2015 | 2010-11 മുതൽ 2014-15 വരെ | 08.07.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1341/19 തീയതി 19.08.2019 റിപ്പോർട്ട് പ്രകാര പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 കോസ്റ്റൽ റഗുലേറ്ററി സോൺ നോട്ടിഫിക്കേഷൻ 2011 ലംഘിച്ച് അനധികൃത നിർമ്മാണങ്ങൾ

പഞ്ചായത്ത് പരിധിയിലെ അടിമലത്തുറ പ്രദേശത്ത് കോസ്റ്റൽ റഗലേറ്ററി സോൺ ബൗണ്ടറിയിൽ സ്വകാര്യ വ്യക്തിക പാർപ്പിട, വാണിജ്യാവശ്യങ്ങൾക്ക് കെട്ടിടങ്ങൾ വ്യാപകമായി നിർമ്മിച്ചിരിക്കുന്നത് സ്ഥലപരിശോധനാ വേളയിൽ കണ്ടെത്ത

പണി പൂർത്തീകരിച്ച ഇരുനില കെട്ടിടങ്ങളും ഒറ്റ നില കെട്ടിടങ്ങളും വിവിധ ഘട്ടങ്ങളിൽ പണി നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങള ഇതിൽ ഉൾപ്പെടുന്നു. കോസ്റ്റൽ റഗുലേറ്ററി സോണിൽ ഉൾപ്പെടുന്ന ഈ ഭൂമിയിലെ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ എന്നും കെട്ടിട നികുതി ഈടാക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 38/28-11-2019 മറുപടിയായി അടിമലത്തുറ വാർഡിൽ ഫാത്തിമ മാതാ പള്ളിയുടെ സമീപത്ത് 193 കെട്ടിടങ്ങൾ പണിതതുമായി ബന്ധപ്പെ കളക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും സ്ഥല പരിശോധന നടത്തിയതിൽ 246 കെട്ടിടങ്ങൾ പണിതിട്ടുണ്ടെന്ന് കണ്ടെത്തുകയും 25-10 2019 ന് ടൗൺ പ്ലാനിംഗ് വിഭാഗത്തിന് റിപ്പോർട്ട് ചെയ്യുകയും ആറംഗ അന്വേഷണസംഘം പരിശോധന നടത്തി തുടർ നടപടിക സ്വീകരിച്ച് വരികയും ചെയ്യുന്നുവെന്നാണ് അറിയിച്ചത്. ഈ മേഖലയിൽ വൻ തോതിൽ നിർമ്മാണ പ്രവർത്തനങ്ങ ആരംഭിക്കുകയും, പൂർത്തിയാക്കുകയും ചെയ്തിട്ടും തുടർ നിർമ്മാണങ്ങൾ നടന്നിട്ടും സമയോചിതമായി ഇടപെടാൻ ഭരണസമിതിക്ക കഴിഞ്ഞില്ല. സർക്കാർ തലത്തിൽ കൃത്യമായ ഇടപെടൽ നടത്തി ഈ വിഷയം പരിഹരിക്കുവാനാവശ്യമായ അടിയന്തി നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണാനുമതി, നമ്പറിംഗ്, ക്രമവത്ക്കരണം ഫയൽ തയ്യാറാക്കുന്നതിലെ അപാകതകൾ

02.12.2015 ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം നമ്പറിങ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ ഒറ്റഫയലായി ക്രമീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കെട്ടി നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണാനുമതി, നമ്പറിംഗ ക്രമവത്ക്കരണ ഫയലുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച ചില അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അനധികൃത നിർമ്മാണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

ശ്രീമതി. ദീപ്തി, ഭാസ്കര ഭവൻ, പുന്നക്കുളം, കോട്ടുകാൽ പി.ഒ. എന്ന വ്യക്തിസർവേ നം. 24/10-5 ൽ പ്പെട്ട സ്ഥലത്ത് ചുറ്റുമതിര നിർമ്മിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. (അപേക്ഷാ നം. 4490/10.04.2018). അപേക്ഷയിന്മേൽ സ്ഥലപരിശോധ നടത്തിയതിൽ അപേക്ഷക റോഡ് കൈയ്യേറി, മതിൽ നിർമ്മാണം നടത്തിയിട്ടുള്ളതായി ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട ആയതിന്മേൽ അപേക്ഷകയോടു വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും, മറുപടി ലഭിച്ചിട്ടില്ല. തുടർന്ന് പ്രസ്തുത അനധികൃ നിർമ്മാണത്തിനുമേൽ തുടർനടപടികൾ സ്വീകരിക്കുകയോ, നിർമ്മാണം അനധികൃതമായി പരിഗണിച്ച് തുടർനടപടിക സ്വീകരിക്കാനും ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

ബി) പ്ലാൻ പ്രകാരമുള്ള വിവരങ്ങളും ഓവർസീയറുടെ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ശ്രീ. പത്മകുമാർ, കെട്ടിട നം. 14/154B യുടെ ക്രമവത്ക്കരണം/കെട്ടിട നികുതി നിർണ്ണയത്തിനായി സമർപ്പിച്ച അപേക (നം.5779/21.05.2018) യിലെ പ്ലാൻ പ്രകാരം ആകെ പ്ലിന്ത് ഏരിയ 122.78ചമീ (111.3GF+11.48FF)ഉം, ഓവർസീയർ റിപ്പോർട്ട് പ്രകാര 106.04ചമീ (86.08GF+19.96FF)ഉം, സഞ്ചയയിൽ നികുതി കണക്കാക്കിയിരിക്കുന്നത് കാർപ്പറ്റ് ഏരിയ 106.04ചമീ (97.16GF+8.88FF നം ആണ്. കെട്ടിട വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ, കെട്ടിടത്തിന് 5മീ ൽ കൂടുത വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ളതിനാൽ അടിസ്ഥാന നികുതിയിൽ നിന്നും 20% വർദ്ധവ് നൽകേണ്ടതുണ്ട്. പ്രസ്തു വർദ്ധനവ് നൽകിയിട്ടില്ല. ടി കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസിനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങളും (രസീത് നം. തീയതി ) ഫയലിൽ ലഭ്യമായിരുന്നില്ല.

സി) പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കിയശേഷം നമ്പറിംഗിനുള്ള അപേക്ഷകൾ ലഭ്യമാക്കുമ്പോൾ അധി നിർമ്മാണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നതിൽ കുറവ് വരുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷാ നമ്പർ | അപേക്ഷകൻ | പെർമിറ്റ് നം, പെർമിറ്റ് നൽകിയ പ്ലിന്ത് ഏരിയ | പൂർത്തിയാക്കിയ പ്ലിന്ത് ഏരിയ | ഈടാക്കിയ രാജിയാക്കൽ ഫീസ് | ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസ് |
|---|---|---|---|---|---|
| 9240/20.08.2018 | രാധാകൃഷ്ണൻ | എ3/7759/ 109/17-18 തീയതി 17.10.2017, 146.88 ചമീ | 162.91 ചമീ | (162.91-146.88)x5x3=240 | (146.88x2.5=367.2+ 16x5x2=160) 527 |

ഡി) അധിക വിസ്തീർണ്ണത്തിന് നികുതി കണക്കാക്കി.

പെർമിറ്റ് നം.എ3-ബിഎം (113238) തീയതി 12.06.2018 പ്രകാരം ശ്രീ. മധുസൂദനൻ ബി.യ്ക്ക് 148.65 ചമീ.കെട്ടിട നിർമ്മാണാനുമര നൽകിയതായി പെർമിറ്റ് നൽകിയ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടിയാൾ 30.08.2018-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച്, നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (അപേക്ഷാ നമ്പ 9444). പ്ലാൻ പ്രകാരം പുതിയ നിർമ്മാണത്തിന്റെ ഏരിയ 121.32 ച.മീ ആണ്. എന്നാൽ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന മറ്റൊ കെട്ടിടത്തിന്റ വിസ്തീർണ്ണം (50 ചമീ) കൂടി ഉൾപ്പെടുത്തി 171.32 ച.മീറ്ററിന് നികുതി കണക്കാക്കി.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം.30/28.11.2019, 31/29.11.2019) ഓഡി അന്വേഷണം 31ന മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണം 30 ന ലഭ്യമാക്കിയ മറുപടി അപൂർണ്ണവു തൃപ്തികരമല്ലാത്തതുമാണ്. മേൽ പരാമർശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, മറുപടി/ രേഖക ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല

സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് വസ്തു നികുതി യുടെ ഡിമാന്റിൽ കുറവു വന്ന 4588613/- രൂപ I18 ഷെഡ്യൂളി Property Tax എന്ന ഹെഡിൽ എഴുതി കുറച്ചിട്ടുണ്ട്. എന്നാൽ നികുതി ഇളവ് അനുവദിച്ചതോ, ഒഴിവാക്കപ്പെട്ടതോ ആ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഇളവു/വർദ്ധനവ് നൽകിയ തുക, ഇളവു/വർദ്ധനവ് നൽകിയതിനുള്ള കാരണങ്ങൾ എന്നി സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. നികുതി ഇളവ് അനുവദിക്കുന്നതിന് ധനകാര്യ സ്റ്റാന്റിം കമ്മിറ്റിയുടെയോ,ഭരണസമിതിയുടെയോ അംഗീകാരവും നേടിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.30/28.11.2019) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ഡിമാന്റിൽ മാറ്റം വരുത്തുമ്പോൾ അതിനാധാരമായ രേഖക സൂക്ഷിക്കുന്നതിനും, ഓഡിറ്റിനു വിധേയമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കെട്ടിട നികുതി നിർണയിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച്, വസ്തു നികുതി നിർണ്ണയിച്ച വിവി കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, അനുബന്ധ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാത്തതായി ബോധ്യപ്പെട്ടു.

വസ്തു നികുതി നിർണ്ണയിച്ച കൊണ്ട് കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 2അപേക്ഷകൾക്കൊപ്പം സ്വീകരിച്ചിട്ടില്ല. കെട്ടി ഉടമയുടെ അപേക്ഷയിന്മേൽ ഫീൽഡ് പരിശോധന നടത്തി ഫോറം 6 തയ്യാറാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള നികു നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ മാന്വൽ ഫോറം 6 ലെ വിവരങ്ങൾ അപൂർണ്ണമാണ്. സഞ്ചയ ഫോറം 6 ൽ പ്ലാൻ പ്രകാരമുള വിവരങ്ങൾ പോലും തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായും ബോധ്യപ്പെട്ടു. ഉദാഹരണമായി കെട്ടിട നിർമ്മാണ പ്ലാനിൽ മീറ്ററിലധികം വഴി സൗകര്യം കാണിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയാ ഫോറം 6ൽ 1.5 മീ വഴി സൗകര്യമുള്ളതായ

രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം കെട്ടിട നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വർദ്ധനവുകളും ഇളവുകളും ശരിയായ രീതിയിൽ ഫോറം 6 ൽ രേഖപ്പെടുത്താത്തതിലൂടെ വസ്തുനികതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടം ഉണ്ടാകുന്നതായി വിലയിരുത്തുന്ന ഉദാഹരണങ്ങൾ ചുവടെ.

| കെട്ടിടനം | കെട്ടിട ഉടമ | വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് (ഉപയോഗക്രമം) | അടിസ്ഥാന നികുതി | മേഖല, വഴി സൗകര്യം | ഇളവ് | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ഈടാക്കിയ വാർഷിക വസ്തുനികുതി | കുറവ |
|---|---|---|---|---|---|---|---|---|---|---|
| I/370C | ജയശങ്കർ എ.ആർ, സുനിജ കെ | 110.26ച.മീ | 7 പാർപ്പിടം | 771.82 | ദ്വിതീയം 8മീ | 10% | 20% | 849 | 618 | 231 |
| III/4B | പത്മപ്രിയ | 77.5ചമീ | 40 വാണിജ്യം | 3100 | പ്രഥമം 5മീ ൽ കൂടുതൽ, 1-ാം നില ഷീറ്റ് റൂഫ് | 15% | 20% | 3255 | 3240 | 15 |

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്ത പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതിനും, കെട്ടിടങ്ങൾക്ക് ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക നിർണ്ണയിച്ചതും സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ഓഡിറ്റിനു ലഭ്യമായിരുന്നില്ല ആയതിനാൽ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ മേഖലാ വിഭജനം നടത്തിയതിനും, അടിസ്ഥാന നികുതി നിരക്കിനു സഞ്ചയയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ തന്നെ അംഗീകരിച്ചാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

വസ്തുനികുതിയിനത്തിൽ കുറവുണ്ടായത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.32/29.11.2019) മറുപ ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരമുള്ള വിവരങ്ങളാണോ 'സഞ്ച യിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും, 2018-19 ൽ കെട്ടിട നമ്പർ നൽകി, വസ്തു നികുത നിർണയിക്കപ്പെട്ട മുഴുവൻ അപേക്ഷകളും (ക്രമവത്ക്കരണമുൾപ്പെടെ) പുന:പരിശോധിക്കേണ്ടതുമാണ്. വസ്തുനികതിയിനത്തിൽ കുറവു വന്ന കെട്ടിടങ്ങളിൽ നിന്നും നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും, രേഖകൾ ഓഡിറ്റ് പരിശോധനക ലഭ്യമാക്കേണ്ടതുമാണ്.

# 1-16 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

1994-ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങ ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ഓരോ അർദ്ധവർഷവു തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ലഭ്യമായ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി/സ്ഥാപനതൊഴിൽ നികുത ഈടാക്കുവാനുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

(എ)രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

1. വൈഗ ആയുർവ്വേദിക് ക്ളിനിക്, ആഴിമല

2. നിക്കീസ് ബീച്ച് റിസോർട്ട്, പുളിങ്കുടി

3. സൺതാര ബീച്ച് റിസോർട്ട്, പുളിങ്കുടി

4. ഐഡിയൽ ബീച്ച് റിസോർട്ട്, ചൊവ്വര

5. ന്യൂ ഐഡിയൽ പഞ്ചകർമ്മ, ചൊവ്വര

6. നീതി മെഡിക്കൽ സ്റ്റോർ, ഉച്ചക്കട

7. ക്ഷീരോല്പാദക സഹകരണസംഘം, ഉച്ചക്കട

8. ക്ഷീരോല്പാദക സഹകരണസംഘം, പയറ്റുവിള

9. ഡോ.ഫ്രാങ്ക്ളിൻസ് പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട്, ചൊവ്വര

(ബി)ഒന്നാം അർദ്ധ വർഷം ഈടാക്കാത്ത സ്ഥാപനങ്ങൾ

| ക്രമനം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയനികുതി (രണ്ടാം അർദ്ധവർഷം) |
|---|---|---|---|
| 1 | മരിയനിലയം ആശുപത്രി | 17 | 12950 |

(സി) രണ്ടാം അർദ്ധവർഷം ഈടാക്കാത്ത സ്ഥാപനങ്ങൾ

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി(ഒന്നാം അർദ്ധവർഷം) |
|---|---|---|---|
| 1. | നിരാമയ റിട്രീറ്റ്സ്, കോവളം | 146 | 91010/- |
| 2. | സോമതീരം ആയുർവ്വേദിക് ഹോസ്പിറ്റൽ & യോഗ | 266 | 158926 |
| 3. | റിബീസ് ഹെൽത്ത് കെയർ | 42 | 31200/- |
| 4. | സോമതീരം ആയുർവ്വേദിക് ബീച്ച് റിസോർട്ട് | 51 | 19910/- |
| 5. | സോമതീരം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 94 | 31910/- |
| 6. | മണൽത്തീരം ബീച്ച് റിസോർട്ട് | 47 | 16440/- |
| 7. | മണൽത്തീരം ആയുർവ്വേദിക് ഹോസ്പിറ്റൽ | 40 | 13680/- |
| 8. | ഗോഡ്സ് ഓൺ കൺട്രി | 12 | 4800/- |
| 9. | സിന്ധുജ ഹോസ്പിറ്റൽ, ഉച്ചക്കട | 4 | 1020/- |
| 10 | ഷിൻഷിവ ആയുർവ്വേദിക് റിസോർട്ട് | 71 | 18080/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.20-ന് മറുപടി മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ സൂക്ഷിക്കുകയും നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതുണ്ട്.

1. ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളടങ്ങി ഒരു രജിസ്റ്റർ ത.സ്വ.ഭ.വ സ്ഥാപനം സൂക്ഷിക്കണം.

2. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കണം.

3. ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേരുവിവരങ്ങളടങ്ങിയ പത്രിക സമർപ്പിക്കുകയു നികുതിയടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമ ത.സ്വ.ഭ സ്ഥാപനം നോട്ടീസ് നൽകണം.

4. തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യക്തികൾ/വ്യാപാരികൾ കമ്പനികൾക്ക് നോട്ടീസ് നൽകണം.

5. നോട്ടീസ് നൽകിയതിനുശേഷം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടോയെന്ന് തുടർ നിരീക്ഷണം നടത്തേണ്ടതു പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. പിരിച്ചെടുക്കാതെ ബാക്കിയായ നികുതി,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കണം.ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊ നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

7. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ. (നികുതി ചുമത്തലും ഈടാക്കലും അപ്പീലും)ചട്ടങ്ങൾ 5 ലെ മാതൃകയിൽ സൂക്ഷിക്കണം.

എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റി.ന് ഹാജരാക്കിയില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4-ന് മറുപ ലഭ്യമാക്കിയില്ല. നിലവിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററാണ് ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-18 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല.

1994-ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതേ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളു തൊഴിൽനികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്.എന്നാൽ 2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണപ്രവൃത്തിക ഏറ്റെടുത്തു നടത്തിയിട്ടുള്ള ചുവടെപ്പറയുന്നവരുൾപ്പെടെയുള്ള കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ചന്ദ്രമോഹനൻ.ആർ

2. ഷിബു.ആർ

3. അശോകൻ.ബി,

4. പ്രദീപ്.എസ്.

5. ഷിബു.കെ.വി.

6. റ്റി.ശശി.

7. ജിജിൽകുമാർ.ആർ.

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും അവരുടെ ടേൺ ഓവറിെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 1-19 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനതൊഴിൽ നികുത ഈടാക്കുന്നില്ല.

1. തിരുവനന്തപുരം ജില്ലാസഹകരണബാങ്ക്, പുന്നക്കുളം
2. അഗസ്ത്യ ടൂറിസം മാനേജ്മെന്റ്
3. നിരാമയ റിട്രീറ്റ്സ്, കോവളം
4. ആനന്ദ ലക്ഷ്മി ആയുർവ്വേദ റിട്രീറ്റ്സ്, ചൊവ്വര
5. ദി ട്രാവൻകൂർ ഹെരിറ്റേജ്, ചൊവ്വര
6. ആനന്ദം ആയുർവ്വേദിക് സെന്റർ, ചൊവ്വര
7. സോമതീരം ആയുർവ്വേദിക് ഹോസ്പിറ്റൽ & യോഗ സെന്റർ
8. റിബീസ് ഹെൽത്ത് കെയർ
9. സോമതീരം ആയുർവ്വേദിക് ബീച്ച് റിസോർട്ട്
10. കോട്ടുകാൽ സർവ്വീസ് സഹകരണബാങ്ക്
11. ഷിൻഷിവ ആയുർവ്വേദിക് റിസോർട്ട്
12. ഹോട്ടൽ ഹാർമോണിയ
13. കുഴിപ്പള്ളം ബൊട്ടാണിക്കൽ ഗാർഡൻ
14. സോമതീരം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
15. മണൽത്തീരം ബീച്ച് റിസോർട്ട്
16. മണൽത്തീരം ആയുർവ്വേദിക് ഹോസ്പിറ്റൽ
17. ഗോഡ്സ് ഓൺ കൺട്രി
18. ബഥ്സെയ്ദ ഹെർമിറ്റേജ്,പുളിങ്കുടി
19. ആയുർബർത്ത് ഹീലിംഗ് സെന്റർ,പുളിങ്കുടി
20. ബെയ് ലീസ് റിസോർട്സ്,പുന്നക്കുളം
21. SBI, ഉച്ചക്കട
22. മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്, ഉച്ചക്കട
23. മിനി മുത്തൂറ്റ് നിധി(കേരള),ചപ്പാത്ത്
24. സിന്ധുജ ഹോസ്പിറ്റൽ, ഉച്ചക്കട
25. മുത്തൂറ്റ് ഫിനാൻസ്, ഉച്ചക്കട

26. അവണാകുഴി സർവ്വീസ് സഹകരണബാങ്ക്

27. വിഴിഞ്ഞം ഫാർമേഴ്സ് വെൽഫെയർ സഹകരണസംഘം

28. SBI, ചൊവ്വര

29. മുത്തൂറ്റ് സിൻഡിക്കേറ്റ് നിധി ലിമിറ്റഡ്

30. മരിയനിലയം ആശുപത്രി, അടിമലത്തുറ

31. വൈഗ ആയുർവ്വേദിക് ക്ളിനിക്, ആഴിമല

32. നിക്കീസ് ബീച്ച് റിസോർട്ട്,പുളിങ്കുടി

33. സൺതാര ബീച്ച് റിസോർട്ട്, പുളിങ്കുടി

34. ഐഡിയൽ ബീച്ച് റിസോർട്ട്, ചൊവ്വര

35. ന്യൂ ഐഡിയൽ പഞ്ചകർമ്മ, ചൊവ്വര

36. നീതി മെഡിക്കൽ സ്റ്റോർ, ഉച്ചക്കട

37. ക്ഷീരോല്പാദക സഹകരണസംഘം, ഉച്ചക്കട

38. ക്ഷീരോല്പാദകസഹകരണസംഘം, പയറ്റുവിള

39. ഡോ.ഫ്രാങ്ക്ളിൻസ് പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട്, ചൊവ്വര

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 ലൈസൻസ് പുതുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ സാമ്പത്തികവർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക II പ്രകാരമുള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയംസഹായ സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ഈ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. (31.10.2017-ലെ ഭേദഗതി പ്രകാരം പുതുക്കിയ ചട്ടം അനുസരിച്ച്). എന്നാ 2018-19 സാമ്പത്തികവർഷം ഡി&ഓ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ 101മുതൽ 125 വരെയുള്ള 25 അപേക്ഷക പരിശോധിച്ചതിൽ ചുവടെപ്പറയുന്നവ ഈ സമയക്രമം പാലിച്ചിട്ടില്ല.

1.ശരണ്യ.വി.എസ്,Friends Money Exchange&Spices 22.05.2018

2.ബീന.എം.എസ്,നന്ദു പൗൾട്രിഫാം 23.05.2018

3.സി.പ്രഭാകരൻ,റിജി ഓയിൽമിൽ 17.05.2018

4.റെജി.പി,RGNട്രേഡേഴ്സ് 17.05.2018

5.ലീലാമ്മ ലാസർ,നിസ്സി ഷോപ്പിംഗ് സെന്റർ 09.05.2018

6.സുധൻ.കെ,സുധൻ സ്റോർ,അവണാകുഴി 21.05.2018

7.ലത.വി,കാർത്തിക ഫുഡ് പ്രോഡക്ട്സ് 31.05.2018

8.ആർ.രത്നകുമാരി,ഉദയസ്റ്റോർ 17.04.2018

9.ചന്ദ്രൻ.കെ,ശരണ്യബേക്കറി 23.04.2018

10.വി.എസ്.ശൈലജകുമാരി,മായസ്റ്റോർ 27.03.2018

11.മുഹമ്മദ് ഫൈസൽ.എൻ,ഫാബിയോ മെൻസ് വെയർ 11.04.2018

12.രാംചന്ദ്രൻ.പി,പുണർതം എഞ്ചിനീയറിംഗ് വർക്സ് 31.05.2018

13.സുരേഷ്.എ,കൃഷ്ണാ മാർക്കറ്റിംഗ് 07.04.2018

14.എൽ.റാണി,കാരുണ്യ ഹോളോ ബ്രിക്സ് 10.05.2018

15.ജോയ്.ആർ,ചക്കര ടെക്സ്റ്റയിൽസ് 23.05.2018

16.ബിനു.ജി,ക്രിയേറ്റീവ് ബിറ്റ്സ് 23.05.2018

17.ഷിജി.എസ്.എസ്,ഓംനമശ്ശിവായ റെഡിമെയ്ഡ് 28.05.2018

18.ബോബിമാത്യു,സോമതീരം റിസർച്ച് കെട്ടിടനമ്പർ516 13.03.2018

19.ബോബിമാത്യു,സോമതീരം ആയുർവ്വേദിക് 03.05.2018

20.ബോബിമാത്യു,സോമതീരം ഹോട്ടൽ മാനേജ്മെന്റ് 03.05.2018

21.ബോബിമാത്യു,സോമ ആയുർവ്വേദഷോപ്പ് 03.05.2018

22.ബോബിമാത്യു,സോമതീരം ബ്യൂട്ടിക്ളിനിക് 03.05.2018

23.ബോബിമാത്യു,സോമതീരം റിസർച്ച് കെട്ടിടനമ്പർ820 03.05.2018

24.ഷീജ.എ,AVSഫുഡ് പ്രോഡക്ട്സ് 06.06.2018

ആകെ പരിശോധിച്ച 25 അപേക്ഷകളിൽ 24 എണ്ണത്തിലും സമയക്രമം പാലിച്ചിട്ടില്ല.ഇതുസംബന്ധിച്ച് നൽകിയ ഓഡി എൻക്വയറി നമ്പർ1ന് ലഭ്യമായ മറുപടിയിൽ ചട്ടം 22 പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് എടുക്കാത്തവരുടെ പേരി ചട്ടപ്രകാരമുള്ള നടപടി എടുക്കേണ്ടതുമാണ്.

# 1-21 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിലെ കുറവു കാരണം തനതു ഫണ്ടിന് 4,990/- രൂപയുടെ കുറ ഉണ്ടായി. വിശദാംശങ്ങൾക്ക് ഖ.2-1 കാണുക.

# 1-22 ഷോപ്പിംഗ് കോംപ്ളക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കണം

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികളിൽ നിന്ന് 2018-1 സാമ്പത്തികവർഷം വാടകയിനത്തിൽ കുടിശ്ശികയുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്ന

| ക്രമ നമ്പർ | കടമുറിനമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 5 | സുരേഷ്കുമാർ | 208816/- |
| 2 | 7 | മാധവനാശാരി | 37701/- |
| | | | |

| | | | |
|---|---|---|---|
| 3 | 3,213 D | രമണീബായി | 22680/- |
| 4 | 213 H | മാഹീൻ | 4380/- |
| 5 | 9 | മാഹീൻ | 3252/- |
| 6 | 3, 214 | രാജമ്മ | 5568/- |
| 7 | 10 | സബീന | 2976/- |
| 8 | 3,213 E | ബാൽരാജ് | 2/- |
| 9 | | രത്നാകരൻ | 802/- |
| | | ആകെ | 286177/-രൂപ |

വാടകരജിസ്റ്ററിൽ വാടകക്കാരിൽ നിന്ന് ഈടാക്കുവാനുള്ള CGST,SGST,Penal Interest എന്നിവയുടെ വിവര രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ഷോപ്പിംഗ് കോംപ്ളക്സിലെ ആകെ കടമുറികളുടെ എണ്ണം, കടമുറി നമ്പർ, വാടകയ്ക്കെടുത്തയാളിന്റെ പേര് ക്രമത്തിൽ അറിയിക്കുന്നതിനും കുടിശ്ശിക തുക ഈടാക്കാ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിനും 46/19 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. വാടകയിനത്തിലെ വരവ് വർദ്ധിപ്പിച്ച് തനതു ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു

# 1-23 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും 133392/-രൂപാ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 30/19) ഫാറവില ലഭ്യമാക്കുവാനുള്ള നടപടികൾ പഞ്ചായത്ത സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടിക ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

# 1-24 സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ - പിഴ ഈടാക്കിയില്ല.

അതിയന്നൂർ എൽ എസ് ജി ഡി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതികാനുമ അനുവദിച്ച്കൊണ്ടുള്ള നടപടിക്രമത്തിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് മൂന്ന് മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. ടെണ്ട അംഗീകരിച്ച് പ്രവൃത്തി നിർവ്വഹണത്തിന് ഏർപ്പെടുന്ന കരാറിൽ ഈ സമയക്രമം പാലിക്കണമെന്ന നിർദ്ദേശവു ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്രകാരം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 211 പ്രകാരവും 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ പ്രകാരവും ഫൈൻ ഈടാക്കിയിട്ടില്ല. കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. ഉദാ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേരും നം | കരാറുകാരൻ PAC | ചെലവ് തുക/ബിൽ നം | സൈറ്റ് കൈമാറിയ തീയതി/ കരാർ തീയതി | എംബുക്ക് പ്രകാരം പ്രവൃത്തിപൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | മാധവവിലാസം സ്കൂളിൽ സ്ത്രീസൗഹൃദ ടോയ്ലറ്റ് (137/19) | ചന്ദ്രമോഹനൻ ആർ 199693/- | 199690/- 400278266 27.6.2019 | 13.9.2018 | 29.3.2019 |
| 2 | സബ്സെന്റർ പുനരുദ്ധാരണം162/19) | ഷിബു. ആർ | 138526/- | 7.9.2018 | 12.3.2019 |

| | | | | | |
|---|---|---|---|---|---|
| | | 138540/- | 401536102 27.3.2019 | | |
| 3 | പീലിംഗ് ഷെഡ് നവീകരണം (164/19) | അശോകൻ ബി 399925/- | 392697/- 4011193696 13.2.2019 | 4.9.18 | 25.1.2019 |
| 4 | പൊറ്റയിൽ തിരുത്തിൻകര പുലിയൂർക്കോണം റോഡ് പുനരുദ്ധാരണം (31/19) | ശ്രീ. പ്രദീപ് എസ് 589550/- | 589550/- 400277089 27.6.2019 | 5.12.2018 | 31.5.2019 |
| 5 | മുക്കുംമ്പാല തേരിവിള റോഡ് പുനരുദ്ധാരണം (70/19) | ശ്രീ. ഷിബു കെ വി 379934/- | 379934/- 401554074 28.3.2019 | 7.9.2018 | 23.3.2019 |
| 6 | ഡി വി എൽ പി എസ് ഊരുട്ടുകാല സ്കൂൾ മെയിന്റനൻസ്(139/19) | ശ്രീ. പ്രദീപ് എസ് 199907/- | 199907/- 400277091 27.6.2019 | 29.9.2018 | 4.6.2019 |
| 7 | മൂലക്കര കാവ് വിളാകം റോഡ് പുനരുദ്ധാരണം (18/19) | ശ്രീ. പ്രദീപ് എസ് 842658.54 | 842659/- 400277990 27.6.2019 | 5.12.18 | 10.6.2019 |
| 8 | പുല്ലുവിള കുഴിവിള റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് (82/19) | ശ്രീ. റ്റി ശശി 475404/- | 475399/- 401215659 16.2.2019 | 11.9.2018 | 29.1.2019 |
| 9. | ജീസസ് നഗർ റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ്(s0114/19) | ജിജിൽ കുമാർ ആർ111111111111111sa 468842/- | a468455/- 401524220 27.3.2019 | 3.9.2018 | 12.3.2019 |
| 10 | വലിയതോട് ബണ്ട് റോഡ് പുനരുദ്ധാരണം (15/19) | ഷിബു ആർ 546753/- | 546753/- 401213602 16.2.2019 | 7.9.2018 | 7.2.2019 |

ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/19, 27.11.2019-ന് മറുപടിയായി കെട്ടി നിർമ്മാണങ്ങൾ ആയതിനാലാണ് താമസിച്ചതെന്നും വരും വർഷങ്ങളിൽ കാലയളവ് ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിര പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചു. സർക്കാർ നിർദേശങ്ങൾക്ക് എതിരായും നിയമപ്രകാരമുള്ള നടപടിക്രമങ്ങ പാലിക്കാതേയും പൂർത്തീകരണ കാലയളവ് ദീർപ്പിച്ച കരാറുകാരിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കി പഞ്ചായത്ത ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

# 1-25 ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങളിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കു നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായ സ്വീകരിക്കേണ്ട നടപടികൾ, അതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ | ജനവരി 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |

| | | | |
|---|---|---|---|
| | ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | | |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | വികസനകാര്യം, ആരോഗ്യം വിദ്യാഭ്യാസം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ചർച്ച നടത്തിയിട്ടില്ല. |
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | വിവരം ലഭ്യമായില്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 22.03.2018ൽ |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19.03.2018 ൽ |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 21.03.2018 ൽ |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിലും, സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീ വരുത്തിയതായി വിലയിരുത്തുന്നു.

<u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു.</u>

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവ ചേർക്കുന്നു.

| ഹെഡ് | 2018-19 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2304001 | 324800 | 576308 |
| 2305006 | 65000 | 396125 |
| 2305099 | 72800 | 3066801 |
| 2512026 | 0 | 344436 |

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 214(8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് എന്തെങ്കിലും ചെല ചെയ്യാൻ പാടുള്ളതല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം50/30.11.2019) മറുപടി ലഭ്യമാക്കിയി ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കിയതി അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ ചെലവുകൾ - തുക തടസ്സപ്പെടുത്തുന്നു.

1) വൗച്ചർ നം. 21800922 തീയതി 28.01.2019 തുക 16700/- രൂപ

പൊഴി മുറിച്ച് വെള്ളം നീക്കിയയിനത്തിൽ മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് എ.ഇ. യുടെ വാല്യുവേഷ സർട്ടിഫിക്കറ്റോ, പ്രവൃത്തി നടത്തിയ രേഖകളോ ഫയലിൽ ലഭ്യമല്ല. പ്രസ്തുത ചെലവിന് മറ്റു അനുവാദങ്ങളും വാങ്ങിയിട്ടില്ല.

2) വൗച്ചർ നം. 201800066, തീയതി 30-04-2018, തുക 10000/- രൂപ

ശ്രീനാരായണപുരം വാർഡിൽ കനാൽ-മുക്കംപാലവിള-ചരുവിള ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്തതിന് 10000/ രൂപ നൽകി. എന്നാൽ അസിസ്റ്റന്റ് ഇഞ്ചിനീയറുടെ valuation certificate ലഭ്യമാക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. J C B ടിപ്പർ ലോറി എന്നിവ ഉപയോഗിച്ചതായി വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത വാഹനങ്ങളുടെ വാടകയു നിയമാനുസൃത രേകകൾ ലഭ്യമല്ല. മാത്രമല്ല വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്ന ടിപ്പർ ലോറി നമ്പർ KL-20-B-4291 എന്നാണ്. ആർ. ടി. ഒ രേഖകൾ പ്രകാരം ഈ വാഹനം, motor cycle above 95cc എന്നാണ്.

3) വൗച്ചർ നം. 201800083, തീയതി, 30-04-2018, തുക-10000/-രൂപ

മരുതൂർക്കോണം വാർഡിലെ കനാൽ മാലിന്യം നീക്കം ചെയ്തതിനുള്ള ചെലവ്. അസിസ്റ്റന്റ് ഇഞ്ചിനീയറുടെ valuatio certificate ലഭ്യമാക്കാതെ നടത്തിയിരിക്കുന്നു.

4) വൗച്ചർ നം. 201800045, തീയതി, 29-04-2018 തുക 9925/- രൂപ

അസിസ്റ്റന്റ് ഇഞ്ചിനീയറുടെ valuation certificate ലഭ്യമാക്കാതെ ഷോപ്പിംഗ് കോംപ്ലക്സ് പെയിന്റ് ചെയ്തതിന് തുക ചെലവഴിച്ചു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/26-11-2019, 44/29-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ തുകയായ 46625/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ചെലവ് രേഖകൾ ഹാജരാക്കിയില്ല

1. വൗചർ നം/തീയതി-21800203/31.05.18 -20,000/-

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് -ന്റെ നേതൃത്വത്തിൽ നേഴ്സറി നിർമ്മാണത്തിലേക്കാവശ്യമായ കവ വാങ്ങുന്നതിനായി 20,000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ചെലവിനാധാരമായ ചെലവ് രേഖകൾ ഫയലിനോടൊപ്പ ലഭ്യമാക്കിയിരുന്നില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ്അന്വേഷണം നം-8/19 പ്രകാരം കവറുകൾ വാങ്ങിയതിന്റെ രേഖകളും , തൈക മുളപ്പിച്ച് സ്റ്റോക്കിലെടുത്ത് വിതരണംചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപ ലഭ്യമാക്കിയില്ല.

2. വൗചർ നം/തീയതി-21800272/04.07.18 -190,000/-

ആരോഗ്യ-ജാഗ്രത എന്ന പേരിൽ പകർച്ച-വ്യാധി പ്രതിരോധയജ്ഞം അടിയന്തിരപ്രധാന്യത്തോടെ നിർവ്വഹിക്കുന്നതിനായ ഓരോ വാർഡിനും 10,000/- രൂപ എന്ന ക്രമത്തിൽ ആകെ 190000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുകയു ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ്അന്വേഷണം നം-8/19-ന് ചെലവ് രേഖക ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോചെയ്തിട്ടില്ല.ആയതിനാൽ 2,10,000/- രൂപയുടെ ചെലവ്(20,000+19000 തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 കേന്ദ്ര സർക്കാർ, വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ഒടുക്കുവാനുള്ള തുകകൾ ഒടുക്കു വരുത്താതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2018-19 ബാലൻസ് ഷീറ്റ് പ്രകാരം 31.03.2019 ൽചുവടെ ചേർക്കും പ്രകാരമുള്ള തുക നീക്കിയിരുപ്പായ അവശേഷിക്കുന്നു.

| ഹെഡ് | തുക |
|---|---|
| 350200201 Income tax deducted at source | 39726 |
| 350300101 library cess | 352966.60 |
| 350300110 CGST | 49040 |
| 350300111 SGST | 49040 |

മേൽ തുകകൾ അടവാക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം.12/26.11.2019) മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി തുക ഈടാക്കിയ മാസത്തിനു തൊട്ടടുത്ത മാസം 10-ാം തീയതിക മുൻപായി ഒടുക്കേണ്ടതാണ്. മറ്റു തുകകളും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഒടുക്കേണ്ടതുണ്ട്. നികുതികൾ സമയബന്ധിതമായ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

# 1-29 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

58608/ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ / കൂട്ടിച്ചേർക്ക വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയി നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടു മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരത്തോ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കണം. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് 2018-19 ൽ ആസ്തി രജിസ്റ്റ പുതുക്കിയിട്ടില്ലെന്ന് അറിയിച്ചു.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് അംഗൻവാടിക്കായി ഭൂമി, ആംബുലൻസ്, വിവിധ ഓഫീസ് ഫർണിച്ചറുക കമ്പ്യൂട്ടർ/ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും, അവയൊന്നും ഗ്രാമപഞ്ചായത്തിന്റെ ആസ് രജിസ്റ്ററിലുൾപ്പെട്ടിട്ടില്ല. ആസ്തികൾ അവയുടെ ആർജ്ജിക്കുന്ന മുറയ്ക്ക് തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുവാ ശ്രദ്ധിക്കേണ്ടതാണ്. 2018-19 കാലയളവിൽ ആർജിച്ച ആസ്തികളുടെ യുണീക് നം സഹിതം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റ കാലികമാക്കി അറിയിക്കേണ്ടതാണ്.

# 1-30 ഇ.എം.എസ് ലോൺ അധികതുക തിരിച്ചടച്ചു.

സ.ഉ.275/2010തസ്വഭവ തീയതി 27.10.2010 പ്രകാരം ഗ്രാമപഞ്ചായത്ത് ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിരു ഇ.എം.എസ്. ഭവനവായ്പയിൽ 01.04.2018 ൽ 1917455/- രൂപ മാത്രമായിരുന്നു കുടിശ്ശികയായി അവശേഷിച്ചിരുന്നത്. എന്നാ ഗ്രാമപഞ്ചായത്ത് പ്രോ. നം. 2/18-19 പ്രകാരം 2760980/- രൂപ ഇ.എം.എസ്. ഭവനപദ്ധതി വായ്പായിനത്തിൽ തിരികെ ഒടുക്ക അധികമായി 843525/- രൂപ ഒടുക്കാനുണ്ടായ സാഹചര്യം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.11.201 ശ്രദ്ധക്കുറവു കാരണം തുക അധികമായി ഒടുക്കുവാനിടയായതായും, തുക ക്രമീകരിക്കുന്നതിന് ജില്ലാസഹകരണ ബാങ്കു ശാഖക കത്തു നൽകിയതായും അറിയിച്ചു. അധികമായി ഒടുക്കിയ തുക ക്രമപ്പെടുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-31 ഐ.കെ.എം. ന് പ്രവർത്തനഫണ്ടു നൽകിയതിലെ അപാകത.

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന്റെ/പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന് പദ്ധതിയിനത്തിൽ ആകെ 50999328/- രൂപ ലഭിച്ചിട്ടുണ്ട്. അതായത്, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. നുള്ള വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 127498/ രൂപ മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലേക്കായി 138020/- രൂപ ഒടുക്കിയിട്ടുണ്ട്. പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഐ.കെ.എം. ന്റെ കൈപ്പറ്റിൽ 171281/-രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/29.11.2019)ഐ.കെ.എം. വിഹിതം പ്ലാൻ ഫണ്ടിന്റെ 0.25% ആയി നിജപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നു മറുപടി ലഭ്യമാക്കി. അധികമായി ഒടുക്കിയ 10,522/- രൂപ വരും വർഷത്തെ അടവുകളിൽ ക്രമീകരിയ്ക്കേണ്ടതാണ്.

## 1-32 അംഗൻവാടിക്കായി വാങ്ങിയ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല

പ്രോ.നം.112/19 അംഗൻവാടിക്ക് സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം 500000/- രൂപ തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ച് 1.21ആർ സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ബാധ്യതാരഹിത സർട്ടിഫിക്കറ്റ് എന്നിവ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.33/29.11.2019) പഞ്ചായത്തിന്റെ ആസ്തി പുതുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതായി മറുപടി ലഭ്യമാക്കി. പരാമർശിത അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 5 ലക്ഷം രൂപയിലധികം അടങ്കലുള്ള പദ്ധതികൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

സ.ഉ. (കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 പ്രകാരം5ലക്ഷം രൂപയോ, അതിലുമധികമോ അടങ്കൽ തുക വരുന്ന എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾക്ക് ഇടെണ്ടർ നടപടികൾ സ്വീകരിക്കാതെ മാന്വൽ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 107/19 | തെരുവ് വിളക്ക് മെയിന്റനൻസ് | 650000 |
| 228/19 (SO) | തെരുവ് വിളക്കുകൾ വാങ്ങൽ | 563446 |
| 309/19 (SO) | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 798250 |

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ

GO(P) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായ പാലിക്കുന്നില്ല.

വാഹനം, ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. കൂടാതെ, സ്റ്റോക ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകകളി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-35 പദ്ധതികൾക്കായി പുതിയ ടെണ്ടറുകൾ സ്വീകരിക്കാതെ പഴയ കരാറുകാരുടെ കാലാവധി നീട്ടി നൽകുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ കാലാവധി പൂർത്തിയാക്കിയ വിവിധ കരാറുകാരുടെ കരാർ കാലാവധി അതേ നിരക്കി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ.

| പ്രവൃത്തി | കരാറുകാരൻ | കരാർ അവസാനിച്ച തീയതി | ദീർഘിപ്പിച്ചു നൽകിയ കരാർ കാലയളവ് | ഭരണസമിതി തീരുമാനം, തീയതി |
|---|---|---|---|---|
| സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | കെ.എസ്. പ്രതീഷ് | 05.12.2018 | 06.12.2018 – 31.03.2019 | 1(1), 5.12.2018 |
| | | | 06.12.2018 – 05.12.2019 | 1(2), 29.03.2019 |
| പ്രിന്റിംഗ് റണ്ണിംഗ് കോൺട്രാക്ട് | സെന്റ്. മേരീസ് പ്രിന്റേഴ്സ് | 21.06.2018 | 22.06.2018-21.06.2019 | 9(1), 05.12.2018 |
| എൽ.എസ്.ജി.ഡി.എ. ഇ. വാഹനം | വ്യക്തമല്ല (കരാർ ചമച്ചിട്ടില്ല, തീയതി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല) | വ്യക്തമല്ല | 31.03.2019 വരെ | 11(1), 30.01.2019 |
| | | | 23.05.2019 വരെ | 1(2), 29.03.2019 |

മേൽ പ്രകാരം വിവിധ കരാറുകൾ അതേ നിരക്കിൽ തുടർന്നും ദീർഘിപ്പിച്ചു നൽകിയതിനുള്ള കാരണം അന്വേഷിച്ചു നൽകി ഓഡിറ്റ് അന്വേഷണത്തിന് (നം. 45/29.11.2019) മറുപടി ലഭ്യമാക്കിയില്ല. കരാറുകൾ അതേ നിരക്കിൽ തുടർന്ന് ലഭിക്കില്ലായെ കാരണമാണ് കരാറുകൾ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കാരണമായി തീരുമാനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേ പ്രവൃത്തികളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി ഇ ടെണ്ടർ മുഖാന്തിരം നടപ്പാക്കേണ്ടതായിരുന്നു (അടങ്കൽ തുക – 650000 രൂപ കൂടാതെ, എൽ.എസ്.ജി.ഡി.എ. ഇ.ക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിലേക്ക് ശ്രീ. നിപു ആർ നൽകിയ അപേക്ഷ 30.01.2019 ലെ ഭരണസമിതിയോഗം പരിഗണിക്കാതെയാണ് കരാർ കാലാവധി നീട്ടി നൽകിയത്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/29.11.2019) മറുപടി ലഭ്യമായില്ല. പദ്ധതികൾക്കായി ടെണ്ടറുക ക്ഷണിക്കാതെ നിലവിലുണ്ടായിരുന്ന കരാറുകാർക്കു തന്നെ അതേ നിരക്കിൽ കരാറുകൾ ദീർഘിപ്പിച്ചു നൽകിയതിലൂ പ്രൊക്യൂർമെന്റ് /സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചതായി വിലയിരുത്തുന്നു. പുതിയ ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ നിലവിലു കരാറുകാർക്കും പങ്കെടുക്കാവുന്നതും, അവർക്കു നൽകാവുന്ന കുറഞ്ഞ നിരക്കു തന്നെ ക്വോട്ട് ചെയ്യുവാൻ കഴിയുന്നതുമായിരുന്നു. പുതി ടെണ്ടറേഴ്സിനുള്ള അവസരം, ടെണ്ടറുകളുടെ മത്സര സ്വഭാവം, കൂടുതൽ കുറഞ്ഞ നിരക്കിൽ സാധനങ്ങളും സേവനങ്ങ ലഭ്യമാക്കുന്നതിനുള്ള അവസരം എന്നിവയും ഭരണസമിതിയുടെ തീരുമാനത്തിലൂടെ നഷ്ടമായതായി വിലയിരുത്തുന്നു. ഇത്തര

പ്രവണതകൾ അവസാനിപ്പിക്കേണ്ടതും, ചട്ട പ്രകാരമുള്ള നടപടികൾ വാങ്ങലുകളിലും, സേവനങ്ങൾ ലഭ്യമാക്കുന്നതില്ല സ്വീകരിക്കുന്നതിനും, ധനവിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പ്രവൃത്തി ഫയലുകളിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയില്ല

പ്രോ. നം. 234/19 മരുളർക്കോണം സബ് സെന്റർ ഇലക്ട്രിഫിക്കേഷൻ, പ്രോ. നം. 309/19 പഞ്ചായത്ത് ഓഫീസ ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ യഥാക്രമം 16%, 22% കിഴിവിലാണ് കരാറുകാർ സ്വീകരിച്ചിരുന്നത്. എന്നാൽ പ്രവൃത്ത ബിൽ അനുവദിച്ചപ്പോൾ പ്രസ്തുത ഇളവു വരുത്താതെ മുഴവൻ പ്രവൃത്തി മൂല്യത്തിനുള്ള തുക അനുവദിച്ചു. വിശദാംശങ്ങൾക്കു പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകതകൾക്കും ഖണ്ഡിക 3-2 കാണുക.

## 1-37 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.

എ) പ്രോ. നം. 231/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ തുക - 171640 ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 151700/-

ബിൽ നം. 231/18-pipe line extension, തീയതി 13.11.2018 - 141500/- രൂപ

ബിൽ നം. pipe line extension തീയതി 22.03.2019 - 10200/- രൂപ

ബി) പ്രോ. നം. 10/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ തുക - 479540 വികസന ഫണ്ട്

438406 ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 695000/-

ബിൽ നം. 10/18-19 pipe line extension, തീയതി 13.11.2018 - 215460/- രൂപ

ബിൽ നം. 10/18-19 pipe line extension, തീയതി 13.11.2018 - 479540/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രവൃത്തികളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും, വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാതെയുമാണ് വാട്ട അതോറിറ്റിയുടെ അബ്സ്ട്രാക്ട് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലൽ പ്രവൃത്തികൾക്കായി തുക ഗ്രാമപഞ്ചായത്ത് കൈമാറിയത്.

സ.ഉ, (സാധാ) നം.1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ 10%സെന്റേജ് ചാർജ്ജ് മാത്ര നൽകിയാൽ മതിയാകും. എന്നാൽ 12.5% നിരക്കിലാണ് ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റി സെന്റേജ് ചാർ ഈടാക്കിയിരിക്കുന്നത്. നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ള പ്രവൃത്തിയുടെ വിനിയോ രേഖകൾ ഇതുവരെയും ലഭ്യമായിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.11.201 12/26.11.2019) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനായി കത്ത് നൽകിയതായും, സെന്റേജ് ചാർജ് അധികം ഒടുക്കിയത് ഫൈന ബിൽ ലഭിക്കുന്ന മുറക്ക്ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ സാഹചര്യത്തിൽ പദ്ധതികൾക്കായി ചെലവു ചെ

846700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫൈനൽ ബിൽ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്ക

തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 കെ.എസ്.ഇ.ബി. മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ

നിക്ഷേപ പ്രവൃത്തികൾക്കായി തുക നിർവഹണ ഏജൻസിക്കു കൈമാറുന്നതിനു മുൻപായി നിർവഹണ ഏജൻസിയുമായ കരാറിലേർപ്പെടേണ്ടതാണെങ്കിലും, കെ.എസ്.ഇ.ബി.യുമായി കരാറുകളൊന്നും ചമക്കാതെയാണ് പ്രവൃത്തികൾക്കുള്ള തു കൈമാറിയിട്ടുള്ളത്. പ്രോജക്ടുകളുടെ വിവരം ചുവടെ

| പ്രോ. നം., പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവു തുക |
|---|---|---|
| 174/19 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 182483 വികസന ഫണ്ട്<br>1014252 ധനകാര്യ കമ്മിഷൻ അവാർഡ് | 182483 വികസന ഫണ്ട്<br>880308 ധനകാര്യ കമ്മിഷൻ അവാർഡ് |
| 227/19 എല്ലാ വാർഡുകളിലെയും ഇലക്ട്രിക ലൈൻ എക്സ്റ്റൻഷൻ | 389918 ധനകാര്യ കമ്മിഷൻ അവാർഡ് | 382440/- |
| ആകെ | | 1445231 |

മേൽ പ്രവൃത്തികളുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക (നം.12/26.11.2019, 33/29.11.2019) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനായി കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി. ഫൈന ബിൽ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ പ്രവൃത്തിക്കായി വിനിയോഗിച്ച 1445231/- രൂപയു ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 അംഗീകൃത പദ്ധതിക്കു വിരുദ്ധമായി ചെലവ് ചെയ്തു - തുക തടസ്സം ചെയ്യുന്നു - 34,370/- രൂപ

113/19-ാം നമ്പർ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തു ലൈബ്രറിയായ ബാലമ്മ മെമ്മോറിയൽ ലൈബ്രറി ഉൾപ്പെടെ ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങി നൽകാൻ ലക്ഷ്യമിട്ടതാണ്. എന്നാൽ പദ്ധതി നിർവഹിച്ചപ്പോൾ ഗ്രമപഞ്ചായത്തു പരിധിയിലെ 13 ലൈബ്രറികൾക്ക് (പഞ്ചായത്ത് ലൈബ്രറി ഉൾപ്പെടെ) സ്റ്റീൽ ബുക്ക് ഷെൽഫ്, ചെയർ (ഒരെണ്ണം വീതം) യൂണി കോസ്റ്റ് ഏകദേശം 153641/- രൂപ എന്നിവ വിതരണം ചെയ്യുകയുണ്ടായി. പദ്ധതിക്കായി 150000/- രൂപയുടെ തനതു ഫണ്ടാണ വകയിരുത്തിയിരുന്നത്. എന്നാൽ മേൽ പ്രകാരമുള്ള ഫർണിച്ചറുകൾക്കായി 199734/-രൂപയുടെ ചെലവു (ചെക്ക് നം 5612/29.03.2019) ഉണ്ടായി. ഇതിൽ 1,50,000/- രൂപ 113/19 പ്രോജക്ടിൽ നിന്നും അനുവദിച്ചു.

പ്രോ. നം. 115/19 പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തു ലൈബ്രറിയ്ക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങുവാനാണ ഉദ്ദേശിച്ചിരുന്നത്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിലേക്ക് 3 അലമാരകൾ ആവശ്യമാണെന്ന് കാണിച്ചുള്ള കത്തും, ആവശ്യമാ പുസ്തകങ്ങളുടെ ലിസ്റ്റും ലൈബ്രേറിയൻ നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ലൈബ്രറിക്ക് പദ്ധതിപ്രകാരം പുസ്തകം വാങ നൽകിയില്ല. 113/19 പദ്ധതിയുടെ ഭാഗമായി വാങ്ങിയ സ്റ്റീൽ ബുക്ക് ഷെൽഫും, ചെയറും മാത്രമാണ് പഞ്ചായത്ത് ലൈബ്രറിക്ക ലഭിച്ചിട്ടുള്ളത്. 113/19 പദ്ധതിയുടെ വാങ്ങലിൽ നിന്നും ബാക്കി നൽകുവാനുണ്ടായിരുന്ന തുക 49734/- രൂപ 115/19-ാം നമ്പ പദ്ധതിയിൽ നിന്നും അനുവദിക്കുകയും ചെയ്തു. 115/19 പദ്ധതി പഞ്ചായത്തു ലൈബ്രറിക്ക് ആവശ്യമുള്ളവ വാങ്ങുവാൻ മാത്ര ലക്ഷ്യമിട്ടിട്ടുള്ളതാണ്. അതായത് പദ്ധതിയിൽ നിന്നും ആകെ ചെലവഴിക്കേണ്ടിയിരുന്ന തുക പഞ്ചായത്ത് ലൈബ്രറിക്ക് വാങ്ങി

സാധനങ്ങളുടെ വിലയായ 15,364/- രൂപ (199734/13) മാത്രമാണ്. 34370/- രൂപ അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി ചെല ചെയ്തതായി വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/26.11.2019) പഞ്ചായത്തിലെ ലൈബ്രറിക്ക് ഗ്രാന്റുപയോഗിച്ച് പുസ്തകം വാങ്ങി നൽകിയതായി മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. അംഗീകൃ പദ്ധതിയിലുമധികമായി ചെലവു ചെയ്തതു തടസ്സപ്പെടുത്തുന്നു.

# 1-40 തെരുവ് വിളക്കു വാങ്ങൽ പദ്ധതി- ക്വട്ടേഷനിലുമധികമായി അനുവദിച്ച നികുതി തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോ. നം. 228/19 തെരുവ് വിളക്കുകൾ വാങ്ങൽ പദ്ധതി

അടങ്കൽ തുക - 563446 ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 533745/-

ബിൽ നം. 25,228/SO തീയതി 27.11.2018 - 386103/-

ബിൽ നം. 31,228/18-19 തീയതി 17.01.2019 – 115310/-

ബിൽ നം. 44,street light spare parts purchase തീയതി 22.03.2019 - 32332/-
നിർവ്വഹണാധികാരി – സെക്രട്ടറി

പദ്ധതിക്കായി സ്പാർക്ക് സൊല്യൂഷന്സ് നൽകിയ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസ ലഭ്യമാക്കിയ ടെണ്ടർ നിരക്കിൽ ടാക്സ് സംബന്ധിച്ച വ്യവസ്ഥകൾ (tax inclusive / tax additional എന്നിങ്ങനെ) പ്രസ്താവിച്ചിട്ടില്ല. ടാ സംബന്ധിച്ച വ്യവസ്ഥകൾ ക്വാട്ട് ചെയ്യാത്ത പക്ഷം സ്ഥാപനം ക്വാട്ട് ചെയ്തിട്ടുള്ള നിരക്ക് ടാക്സ് ഉൾപ്പെടെയുള്ള നിരക്കായാണ പരിഗണിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഏജൻസി ലഭ്യമാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരം, ക്വാട്ട് ചെയ്ത നിരക്കിനുമേൽ 18 ജി.എസ്. ടി. കൂടി ഉൾപ്പെടുത്തിയ ബില്ലുകൾ പാസ്സാക്കി നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ.

| ബിൽ നം. തീയതി | ബിൽ തുക | അനുവദിച്ച ജി.എസ്.ടി തുക |
|---|---|---|
| 25,228, 27.11.2018 | 386103 | 48443 |
| 31,228/18-19, 17.01.2019 | 115310 | 17590 |
| 44, street light..., 22.03.2019 | 32332 | 4932 |
| ആകെ | | 70965 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.51/29.11.2019) മറുപടി ലഭ്യമാക്കിയില്ല. വ്യവസ്ഥകൾക വിരുദ്ധമായി അനുവദിച്ച 70965/-രൂപ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-41 വാഹനം വാടകയ്ക്കെടുത്തതിലെ അപാകതകൾ

വാഹനം വാടകയ്ക്ക് എടുക്കൽ, താത്ക്കാലിക ഡ്രൈവർക്ക് വേതനം അനുവദിക്കൽ എന്നിവക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ട നിർവഹണാധികാരിയായി ചുവടെ ചേർക്കും പ്രകാരം മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവു തുക | ഫണ്ടിനം |
|---|---|---|---|
| 12/19 | പഞ്ചായത്തിലെ ആംബുലൻസ് ഡ്രൈവറുടെ വേതനം, | 120800 | തനതു |

| | | | |
|---|---|---|---|
| | ആംബുലൻസ് മെയിന്റനൻസ് | | ഫണ്ട് |
| 318/19 | പാലിയേറ്റീവ് കെയർ കരാർ വാഹന വാടക | 274172 | തനതു ഫണ്ട് |
| 319/19 | എൽ.എസ്.ജി.ഡി. എസി. എഞ്ചിനീയറുടെ കരാർ വാഹന വാടക | 295386 | തനതു ഫണ്ട് |
| ആകെ | | 690358 | |

പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ.

എ) എൽ.എസ്.ജി.ഡി. എ.ഇ-യുടെ വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട അപാകതകൾ

എൽ.എസ്.ജി.ഡി. എ.ഇ.യുടെ ആവശ്യത്തിലേക്കായി Kl 34 A 9832-ാം നമ്പർ വാഹനം വാടകയ്ക്കെടുക്കുന്നതിന് 06.11.2018-ലെ ഭരണസമിതി തീരുമാനം 6(1) പ്രകാരം അംഗീകാരം ലഭിച്ചു. എന്നാൽ ശ്രീമതി.ദിവ്യ.എസ്.വിജയമോഹൻ എന്ന വ്യക്തിക്ക് പ്രസ്തു തീരുമാനം എടുക്കുന്നതിന് മുൻപുള്ള തീയതിയിൽ, അതായത് 11.01.2018-ൽ വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിന് ഓഫീസ ഉത്തരവ് നൽകിയിരിക്കുന്നു. തുടർന്ന് വാഹന വാടകയുമായി ബന്ധപ്പെട്ട നിബന്ധനകൾ ഉൾപ്പെടുന്ന കരാറിലേർപ്പെടാതെ 01.11.201 മുതൽ വാഹന വാടക അനുവദിച്ചിരിക്കുന്നു. 08.02.2018-ൽ വാങ്ങിയ ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത ഭരണസമിതി ടെണ്ടറിന് അംഗീകാരം നല്കുന്നതിനു മുൻപേ തന്നെ വാഹനം വാടകയ്ക്ക് എടുത്തത് ക്രമവിരുദ്ധമാണ്.

കൂടാതെ 16.01.2019-ലെ 4(1) കമ്മിറ്റി തീരുമാനത്തിലൂടെ 31.03.2019 വരെയും, 29.03.2019-ലെ 1(2) തീരുമാനത്തിലൂ തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ 23.05.2019 വരെയും വാഹനത്തിന്റെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട എന്നാൽ ഈ കാലയളവിനു ശേഷം 10.07.2019 വരെ വാടക അനുവദിച്ചിരിക്കുന്നു. ഭരണസമിതിയുടെ 30.01.2019-ലെ 12( തീരുമാനത്തിൽ 'എൽ.എസ്.ജി.ഡി. വിഭാഗത്തിന് വാഹനം വാടകയ്ക്ക് നൽകുന്നതിലേക്കായി ശ്രീ. നിപു ആർ സമർപ്പിച്ച അപേക അടുത്ത സാമ്പത്തിക വർഷം അപേക്ഷ ക്ഷണിക്കുമ്പോൾ സമർപ്പിക്കുന്നതിന് ടിയാനെ അറിയിക്കാൻ തീരുമാനിച്ചു' തായ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ.നിപു.ആർ സമർപ്പിച്ച അപേക്ഷ, അപേക്ഷയിന്മേലുള്ള തുടർനടപടികൾ, വാഹനത്തിന്റെ ലോ ബുക്ക് തുടങ്ങിയവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 52/30.11.201 മറുപടി ലഭ്യമാക്കിയില്ല. എൽ.എസ്.ജി.ഡി എ.ഇ.യ്ക്ക് വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണ ലഭ്യമാക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് ഡ്രൈവർക്ക് വേതനം അനുവദിച്ചത് സംബന്ധിച്ച അപാകതകൾ.

ഗ്രാമപഞ്ചായത്തിനു സ്വന്തമായി ഉണ്ടായിരുന്ന ആംബുലൻസ് (നം.KL01 W 4155) 13.12.2018 ലെ ഭരണ സമിതി തീരുമാന നം.8(1) പ്രകാരം കണ്ടം ചെയ്തു നൽകിയിട്ടുണ്ട്. പ്രസ്തുത ആംബുലൻസിന്റെ ഡ്രൈവറുടെ വേതനമിനത്തിൽ 2018-19 സാമ്പത്തി വർഷത്തിൽ തനതുഫണ്ടിൽ നിന്നും 120800/-രൂപ വിനിയോഗിച്ചിട്ടുണ്ട് (പ്രോജക്ട് നം.12/19). ചെലവു ലഡ്ജർ പ്രകാരം 201 ഡിസംബർ വരെയുള്ള വേതനം ഡ്രൈവർക്ക് അനുവദിച്ചിട്ടുണ്ട്. ഡ്രൈവർക്ക് തുക അനുവദിച്ചുകൊണ്ടുള്ള ബില്ലുകൾ, അറ്റൻഡൻസ അക്വിറ്റൻസ് രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. ആംബുലൻസിന്റെ ലോഗ് ബുക്കും പരിശോധനക്കു ലഭ്യമായില്ല. ആയതിനാ ആംബുലൻസ് എന്തൊക്കെ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവെന്നത് പരിശോധിക്കുവാനായില്ല.

സി) പാലിയേറ്റീവ് കെയറിനായി വാഹനം വാടകക്കെടുത്തതിലെ അപാകതകൾ.

പ്രോജക്ട് നം. 318/19 പാലിയേറ്റിവ് കെയർ കരാർ വാഹന വാടക പദ്ധതി പ്രകാരം KL 01 AT 4454 എന്ന 'നോൺ ട്രാൻസ്പോർട്ട വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. എന്നാൽ ഇതിലേക്കായി വാഹന ഉടമയുമായി യഥാവിധി കരാർ ചമച്ചിട്ടില്ല. 02.05.2018 വാങ്ങിയ രേഖപ്പെടുത്തലുകളില്ലാത്ത മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഏതു തീയതി മുതൽ എന്നു വരെയാണ വാഹനം ഉപയോഗിച്ചത് എന്നതു ഫയലിൽ വ്യക്തമല്ല. വാഹനം ഓടിയതിനുള്ള രേഖകൾ - ലോഗ് ബുക്കിന്റെ പകർപ്പ്, പ്രതിമാസ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയും ലഭ്യമായില്ല. പാലിയേറ്റീവ് കെയറിനായി വാടകക്ക് എടുക്കുന്നതിന് സ.

(സാധാ)നം.3217/2015/തസ്വഭവ തീയതി 29.10.2015 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വാഹന വാടക അനുവദിച്ചതുമായ ബന്ധപ്പെട്ട ബില്ലുകൾ, ട്രിപ് ഷീറ്റ് തുടങ്ങിയ രേഖകൾ ഫയലിൽ ലഭ്യമായിരുന്നില്ല. പദ്ധതി പ്രകാരം ആകെ 274172/- രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

2018 ഡിസംബർ മാസത്തിൽ ഗ്രാമപഞ്ചായത്തിന് പുതിയ ആംബുലൻസ് ലഭിക്കുകയുണ്ടായി. പ്രസ്തുത വാഹനം ലഭ്യമാ ശേഷവും പാലിയേറ്റീവ് കെയറിനായി കരാറിലൂടെ വാടകക്കെടുത്ത വാഹനം ഉപയോഗിച്ചതായി കാണുന്നു (230400101 ലഡ്ജ പ്രകാരം 2/2019 വരെയുള്ള വാടക നൽകിയിട്ടുണ്ട്).

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.30/28.11.2019, 41/29.11.2019, 42/29.11.201 52/30.11.2019) മറുപടി ലഭ്യമാക്കിയില്ല. ബില്ലുകൾ, ചെലവു രേഖകൾ എന്നിവ പദ്ധതി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലു പരിശോധനക്ക് ലഭ്യമാകാത്തതിനാലും മേൽ പദ്ധതികൾ പ്രകാരമുള്ള ആകെ ചെലവു തുക 690358/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-42 അമ്പലത്ത്മൂല പൊതു ടോയ്‌ലറ്റ് പുനരുദ്ധാരണം - ഡിപിസി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി നടപ്പാക്കി

അമ്പലത്ത്മൂല പൊതു ടോയ്‌ലറ്റ് പുനരുദ്ധാരണം (S0166/19) എന്ന പദ്ധതിയ്ക്ക് മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഹിത 200000/-രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി നടപ്പാക്കി. ചെലവ് തുക 146733/-, ട്രഷറിയിൽ നിന്നും മാറാ സാധിക്കാത്തതിനാൽ നം.19020452010400041664, തീയതി 05.04.2019 പ്രകാരം തുക മാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രൂപീകരണ ഫോറത്തിൽ പൊതു ടോയ്‌ലറ്റ് പുനരുദ്ധാരണം എന്ന് രേഖപ്പെടുത്തിയെങ്കിലും ലൂയിസ് മെമ്മോറിയ എന്ന എയ്ഡഡ് സ്കൂളിൽ 7 ടോയ്‌ലറ്റുകൾ ടൈൽസ് ഇടുന്നതിനും വാതിലുകൾ ഘടിപ്പിക്കുന്നതിനും പൊളിഞ്ഞു കിടന്ന ചുമ കെട്ടുന്നതിനുമാണ് തുക വിനിയോഗിച്ചിരിക്കുന്നത്.

2. നേരിട്ട് പരിശോധിച്ചതിൽ 2600/- രൂപ നിരക്കിലുള്ള ഗുണനിലവാരം കുറഞ്ഞ7 പി വി സി വാതിലുകൾ ഘടിപ്പിച്ചതായ കണ്ടെത്തി. അതിൽ ഒരു വാതിൽ ദ്രവിച്ച് കേടാകുകയും ഇളകിപ്പോയതായും കണ്ടെത്തി.

3. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പ്രസിഡന്റ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാ വാർഡ് മെമ്പർ എന്നിവർ ഒപ്പിട്ടിരിക്കുന്നു. പരിശോധിച്ച് കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ചെക്ക് മെഷർ ചെ വേളയിലും ഗുണനിലവാരം കുറഞ്ഞ വാതിലുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതി നിർവ്വഹണഉദ്യോഗസ്ഥന് സാധിച്ചില്ല.

4. 23.3.2019-ൽ പൂർത്തീകരിച്ച പദ്ധതിയാണ് ഏതാനും മാസങ്ങൾക്ക് ശേഷം പൊളിഞ്ഞ നിലയിൽ കണ്ടെത്തിയത്.

അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച വിഷയം ഭരണസമിതി പരിശോധിച്ച് കരാറുകാരനെക്കൊണ്ട് മെയിന്റനൻ നടത്തി ഗുണനിലവാരമുള്ള വാതിലുകൾ ഘടിപ്പിച്ച് അറിയിക്കേണ്ടതാണ്.

# 1-43 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പ 72/2017/ ത.സ്വ.ഭ.വ/29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോ കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിവേണം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കി

പ്രവൃത്തികളിൽ 40% റോഡ് പ്രവൃത്തികളാണ്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡി എൻക്വയറിക്ക് (നം 03/19, 25.11.2019) തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്ന മറുപടി ലഭ്യമാക്കി. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാ എന്നിവ തയ്യാറാക്കി റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ചതിൽ ഭൂരിഭാഗം പദ്ധതികളും റിവൈസ് ചെയ്തിരിക്കുന്നു. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയു ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളില വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത വർക്കിംഗ് ഗ്രൂപ്പും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണയിച്ചും പദ്ധതികൾരൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാതെ എയിഡഡ് സ്കൂളുകളിൽ പദ്ധതികൾ നടപ്പാക്കി.

സ ഉ (കൈ)നം.11/2018/ തസ്വഭവ, തീയതി 29.01.2018 ഖണ്ഡിക 7.6(8) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും യൂറിനലുകള ടോയ്‌ലറ്റും വാഷ്ബെയ്സിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയിഡഡ സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താമെന്ന് നിർദേശിച്ചിരിക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത പരിധിയിൽ അഞ്ച് സർക്കാർ സ്കൂളുകളാണുള്ളത്. ഇവയിൽ ഗവ. എൽ പി എസ് കോട്ടുകാൽ സ്കൂളിൽ ആൺകുട്ടികൾക്ക് ഒന്നു പെൺകുട്ടികൾക്ക് രണ്ട് ടോയ്‌ലറ്റും ആവശ്യമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ സ്കൂളുകളിൽ യൂറിനലുകളും ടോയ്‌ലറ്റ വാഷ്ബെയ്സിനും ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷമാണോ എയ്ഡഡ് സ്കൂളുകളിൽ ഇത്തര പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 13/19 തീയതി 25.11.2019) മറുപ ലഭ്യമാക്കിയില്ല. 2018-19 ൽ ലൂയിസ് മെമ്മോറിയൽ യു പി സ്കൂൾ, ചൊവ്വര സെന്റ് ജോസഫ് സ്കൂൾ എന്നിവയിൽ സേവന മേഖലയി ശുചിത്വം മാലിന്യ സംസ്കരണം എന്ന ഉപ മേഖലയിൽ ഉൾപ്പെടുത്തി പൊതുപരിപാടികൾ എന്ന നിലയ്ക്ക് സെപ്റ്റിക് ടാങ്ക് ഉൾപ്പെ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയിരിക്കുന്നു. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-46 ടെൻഡർ തുക കുറവ് ചെയ്തതിലെ അപാകത

ജൂബിലി നഗർ അപ്രോച്ച് റോഡ് കോൺക്രീറ്റ് (286/19) പദ്ധതിയുടെ പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ കുറവു ചെയ്തതിലുണ്ടാ അശ്രദ്ധ കാരണം 12,914/-രൂപ കരാറുകാരന് അധികമായി അനുവദിക്കുകയുണ്ടായി. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-47 തരിശ് ഭൂമി കൃഷിഭൂമിയാക്കൽ -മാർഗ്ഗരേഖ പാലിക്കണം

പ്രോജക്ട് നമ്പർ :194/19

പ്രോജക്ടിന്റെപേര് : ജൈവസമൃദ്ധി-തരിശ് ഭൂമികൃഷി ഭൂമിയാക്കൽ

അടങ്കൽതുക :750000/-

ചെലവു തുക :288657/-

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

തരിശുഭൂമി പച്ചക്കറികൃഷി പ്രോജക്ടിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ (സബ്സിഡി മാർഗ്ഗരേഖ പ്രകാരം)പാലിക്കേണ്ടതുണ്ട്.

1. ഹെക്ടറിന് 30000/-രൂപ നൽകാവുന്നതാണ്(കർഷകന് 25000/-രൂപയും ഭൂഉടമയ്ക്ക് 5000/-രൂപയും) ഇതിനുപുറമേ യഥാർത്ഥ വാടകതുക.

2. ഗ്രാമപഞ്ചായത്തുകളിൽ കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്യണം.

3. സ്ഥലത്തിന് ആനുപാതികമായി ധനസഹായം നൽകണം.

4. പ്രാഥമികമായ ഭൂമിയൊരുക്കൽയന്ത്രം ഉപയോഗിച്ച് ചെയ്യാവുന്നതാണ്.

5. പാടശേഖരസമിതികൾ, കുടുംബശ്രീ, SHG, കൂട്ടായ്മകൾ, തൊഴിലുറപ്പ് JLGകൾ, സാമൂഹ്യ സംഘടനകൾ,റസിഡൻസ് അസോസിയേഷനുകൾ, പുരുഷ SHG-കൾ എന്നിവയ്ക്ക് നൽകാവുന്നതാണ്.

6. പ്രദേശത്തെ കൃഷി ഓഫീസർ ,നിർദ്ദിഷ്ട പ്രദേശം കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമാണെന്നും സാക്ഷ്യപ്പെടുത്തണം.

7. ഔപചാരികമല്ലാത്ത കൂട്ടായ്മകൾക്കും മേൽ വ്യവസ്ഥകൾക്കു വിധേയമായി പാട്ടകൃഷി നടത്താവുന്നതാണ്.

8. അതിനായി കൃഷിയിൽ എർപ്പെടുന്ന എല്ലാവരും ഭൂമി ഉടമസ്ഥനും ചേർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെ കൃഷി നടത്താവുന്നതാണ്.

എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ 20 സെന്റ് ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 4000/- രൂപനിരക്കിൽ സഹായം അനുവദിച (നൽകാവുന്നത് ഹെക്ടറിന് 30000/-രൂപ, 20 സെന്റിന് 2400/-).

കൃഷി ചെയ്യുന്ന സ്ഥലം കൃഷി യോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമാണെന്നും കൃഷി ഓഫീസ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃഷിയിൽ ഏർപ്പെടുന്നവരും ഭൂഉടമസ്ഥനും നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടില ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 48-ന് മറുപടി ലഭ്യമായില്ല. മാർഗ്ഗരേഖാ നിർദേശാനുസരണം പദ്ധതിക നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-48 പാലിന് സബ്സിഡി -നടത്തിപ്പിലെ അപാകത

സബ്സിഡി മാർഗരേഖ (സഉ(കൈ)നം.22/2018/ത.സ്വ.ഭ.വതീ14.02.18) പ്രകാരം ഗുണഭോക്താവ് ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവ് കണക്കാക്കി അതിന് ആനുപാതികമായിട്ടാണ് സബ്സിഡി തുക നൽകുന്നത്. ഇത്തരത്തിൽ സബ്സിഡ കണക്കാക്കുന്നതിന് ക്ഷീരസംഘങ്ങളിൽ നൽകിയ പാലിന്റെ അളവ് ഗുണഭോക്താവ് അപേക്ഷയോടൊപ്പം എഴുതി നൽകി ആയത് ക്ഷീരസംഘം പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സബസിഡി തു

നൽകിയിട്ടുള്ളത്. ഇത്തരത്തിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെയും ചുവടെ പറയുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയതായ കാണുന്നു.

പ്രോജക്റ്റ് നമ്പർ : 193/2019

അടങ്കൽ തുക – 1950000

ചെലവ് തുക – 1590000

ബിൽ നമ്പർ – 1/2018-19 തീയതി 09.10.2018, Rs.4.00.000/- (വികസനഫണ്ട്)

ചെക്ക് നമ്പർ – 2685686/24.11.2018 (2,40,000/- ജില്ലാ പഞ്ചായത്ത് വിഹിതം)

2230038/18.12.2018 (Rs.412536/-)

1673041/04.02.2019 (Rs.537464/-)

1. ഗോപകുമാർ .എസ്.കെ ഗോപമന്ദിരം
2. മരിയമ്മ സേവ്യർ, പ്രമീള ഹൗസ്
3. ജിമോഹൻദാസ്,നെല്ലിപറമ്പ്
4. ലളിതാംബിക,തെങ്ങുംപള്ളി
5. ഏയ്ഞ്ചൽ ബ്രൈറ്റ് ലീല ഭവൻ
6. സരസ്വതി, ചരുവിളപുത്തൻവീട്
7. ബിന്ദു.പി.എസ്,നന്നംകുഴി
8. ഓമന.സി,പ്ലാവിളപുത്തൻവീട്
9. ജയകുമാരി,നിഷഭവൻ
10. രവീന്ദ്രൻ.ഡി,സ്വപ്നഭവൻ
11. കൃഷ്ണൻകുട്ടി.സി,വാറുവിളാകത്ത് വീട്
12. സുധ.സി.കെ,പൊറ്റവിള പുത്തൻവീട്
13. ചന്ദ്രിക.കെ സതീഷ്ഭവൻ പയറ്റുവിള
14. സുരേഷ്.എം,കുന്നുവിളവീട് പയറ്റുവിള
15. സുകുമാരൻ,കണ്ണറക്കോണം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്അന്വേഷണം നം-22/19 തീ.27.11.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത അപാകതകൾക്ക മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-49 ഗുണഭോക്തൃലിസ്റ്റിന് കൃത്യതയില്ല

പ്രോജക്റ്റ് നം - 58/18-19, കാലിത്തൊഴുത്ത് നവീകരണം

അടങ്കൽ തുക – 475000/- വി.ഫ

ചെലവ് തുക –475000/- വി.ഫ

വാർഡ് നാലിൽ ഗിരിജകുമാരി.പി, പെരുമാതോട്ടത്തുവീട്, കൊല്ലക്കോണം, പയറ്റുവിള, എന്നയാൾക്ക് ഗുണഭോക്താവായി പണ നൽകിയതായി കാണുന്നു. (SL. No. 4, ward No 4 എന്നാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഗ്രാമപ്പഞ്ചായത്ത അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പ്രസ്തുത വ്യക്തിയുടെ പേര് ഇല്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം.26/28-11-2019) മറുപടിയിൽ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജന് നൽകി

ലിസ്റ്റിൽ ഗിരിജാകുമാരിയുടെ പേരാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 27/07/2018 ന് ചേർന്ന ഗ്രാമപ്പഞ്ചായത്ത യോഗത്തിന്റെ 1(1) തീരുമാന പ്രകാരമുള്ള ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയതിൽ നാലാമത്തെ ക്രമ നമ്പർ നാലാം വാർഡിലെ ഗുണഭോക്താവായ, ശ്രീകുമാരി, ചരുവിളപുത്തൻ വീട്, കോട്ടുകാൽ, നെല്ലിമൂട് എന്നയാളുമാണ്. ഇപ്രകാരം മാറ്റം സംഭവിച്ചത് ഭരണ സമിതി ഗൗരവമായി കാണേണ്ടതാണ്.

## 1-50 ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം

1) പ്രോ. നം. 143/19 ഭവന നിർമ്മാണം ജനറൽ (ലൈഫ്)

അടങ്കൽ തുക - 6400000 വികസന ഫണ്ട് (ജനറൽ

720791 ബ്ലോക്ക് വിഹിതം

132244/18 ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് – 6400000 വികസന ഫണ്ട് (ജനറൽ)

720000 – ബ്ലോക്ക് വിഹിതം

1320000 – ജില്ലാ പഞ്ചായത്ത് വിഹിതം

താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പേരും വിലാസവും | വാർഡ് നം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കല, കുഴിയംവിള വീട്, നന്നംകുഴി | 1 | 360000 |
| 2 | ശ്യാമള അമ്മ, ചിറത്തലവിളാകം വീട്, പയറ്റുവിള | 3 | 360000 |
| 3 | ചന്ദ്രിക/സത്യനേശൻ, തേരിവിള പുത്തൻവീട്, കോട്ടുകാൽ | 4 | 360000 |
| 4 | ഗോപി, തേരിവിള വടക്കരികത്തു വീട്, കോട്ടുകാൽ | 5 | 360000 |
| 5 | ലത/ബിനു, കല്ലറത്തട്ട് പുത്തൻവീട്, കോട്ടുകാൽ | 7 | 360000 |
| 6 | ശോഭന എൽ, താന്നിനിന്ന കുഴിവിള വീട്, തെങ്കവിള | 7 | 360000 |
| 7 | ഷിബു എസ്, അഭിജിത്ത് ഭവൻ, ചപ്പാത്ത് | 7 | 360000 |
| 8 | ഉഷ എസ്, നെല്ലിവിള വീട്, ചപ്പാത്ത് | 7 | 300000 |
| 9 | ഷൈജു കുമാർ, കാഞ്ഞിരംനിന്നവിള വീട്, ചൊവ്വര | 8 | 300000 |
| 10 | സന്തോഷ് കുമാർ, തെക്കോകോണം,കുട്ടിവിളാകം വീട്, കോട്ടുകാൽ | 13 | 360000 |
| 11 | രാജേഷ്/ശ്രീകല, തേരിവിള വീട്,പുന്നക്കുളം | 15 | 360000 |
| 12 | സരോജ ക്ലീറ്റസ്, അടിമലത്തുറ പുമ്പോക്ക് പുരയിടം | 9 | 260000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.39/29-11-2019) മറുപടിയിൽ മുകളിൽ വിവരിച്ചിരിക്കുന്നവരുടെ ഭവ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-51 അംഗനവാടികളുടെ ഭൗതിക സാഹചര്യവും പ്രവർത്തനവും മെച്ചപ്പെടുത്തണം

കോട്ടുകാൽ ഗ്രാമപ്പഞ്ചായത്തിൽ ആകെ 32അംഗനവാടികളാണ് ഉള്ളത്. ഇതിൽ 8 എണ്ണം വാടക കെട്ടിടത്തിലാണ പ്രവർത്തിക്കുന്നത്. 10 അംഗനവാടികൾക്ക് ചുറ്റുമതിലില്ല. ഓഡിറ്റിന്റെ ഭാഗമായി 5 അംഗനവാടികളിൽ പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ.

a) അംഗൻ വാടി നം 68 (പയറും മൂട്)

ആകെ കുട്ടികളുടെ എണ്ണം 15

ഹാജർ 11

ഭൗതിക സാഹചര്യം മെച്ചമാണ്.

ശിശു സൗഹൃദ ടോയ്‌ലറ്റ് ഉണ്ട്.

THRS 2.2.2019 ലെ വരവ് – 45kg, വിതരണം 43 kg വ്യത്യാസം 2 kg

(b) അംഗൻ വാടി നം 52 (ചിന്നൻ വിള)

ആകെ കുട്ടികളുടെ എണ്ണം 15

ഹാജർ അറ്റന്റൻസ് രേഖപ്പെടുത്തിയിട്ടില്ല.

ശിശു സൗഹൃദ ടോയ്‌ലറ്റ് ഇല്ല.

THRS 2018 ജൂലൈ ഐ സി ഡി എസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 70kg നൽകി, അംഗൻ വാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 45k ലഭിച്ചു.

25.6.2018-ൽ ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല, THRS രജിസ്റ്ററിൽ 45 kg, അംഗൻവാടി സ്റ്റോക രജിസ്റ്ററൽ രേഖപ്പെടുത്തൽ ഇല്ല.

കളിക്കോപ്പ് കേടായിരിക്കുന്നു.

(c) അംഗൻ വാടി നം 58 (അമ്പലത്തുമൂല)

ആകെ കുട്ടികളുടെ എണ്ണം 15

ഹാജർ 14

ഭൗതിക സാഹചര്യം സ്ഥലപരിമിതിയുണ്ട്

ശിശു സൗഹൃദ ടോയ്‌ലറ്റ് ഇല്ല

THRS 30.10.2018 ഐ സി ഡി എസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 39kg നൽകി, അംഗൻവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 34 k ലഭിച്ചു.

28.6.2018-ൽ വിതരണ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

27.7.2018-ൽ 35 kg വിതരണം രേഖപ്പെടുത്തിയിട്ടില്ല.

(d) അംഗൻ വാടി നം 57 (അമ്പലത്തുമൂല II)

ആകെ കുട്ടികളുടെ എണ്ണം 21

ഹാജർ 19

THRS 30.5.2019 ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്ററും അംഗൻ വാടി സ്റ്റോക്ക് രജിസ്റ്ററും തുല്യമാണ്.

(e) അംഗൻ വാടി നം 59 (അടിമലത്തുറII)

ആകെ കുട്ടികളുടെ എണ്ണം 31

ഹാജർ 25

ശിശു സൗഹൃദ ടോയ്‌ലറ്റ് ഇല്ല

THRS 30.4.2018 ഐ സി ഡി എസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30kg നൽകി, അംഗൻ വാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 35 k ലഭിച്ചു, 35 kg വിതരണം ചെയ്തു.

25.5.2018-ൽ ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 35 kg നൽകി അംഗൻ വാടി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അംഗനവാടികളിലെ സ്റ്റോക്കും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്കും പൊരുത്തപ്പെടുന്നില്ല. അംഗനവാടി നം. 57. 5 എന്നിവിടങ്ങളിൽ സ്ഥലപരിമിതി അനുഭവപ്പെടുന്നുണ്ട്. ഗുണനിലവാരമുള്ള കളിക്കോപ്പുകൾ വാങ്ങിക്കൊടുക്കാൻ ഭരണസമിര ശ്രദ്ധിക്കേണ്ടതാണ്.

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണ സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായ അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒ നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണയെങ്കിലും വാർഡിലുള്ള അങ്കണവാടിക സന്ദർശിക്കേണ്ടതും പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരം സംബന്ധിച്ച റിപ്പോർ ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/26-11-2019) മറുപ ലഭ്യമായില്ല. വെൽഫയർ കമ്മിറ്റിയും നിരീക്ഷണകമ്മിറ്റിയും രൂപീകരിച്ചതായി കാണുന്നില്ല. ഈ കമ്മിറ്റികൾ അടിയന്തിരമായ രൂപീകരിച്ച് അംഗനവാടി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-52 ബാലസൗഹൃദ പഞ്ചായത്ത് ആക്കി മാറ്റൽ പ്രവർത്തനത്തിലെ അപാകതകൾ

പ്രോജക്ട് നം - 238/18-19

പ്രോജക്ടിന്റെ പേര് - ബാലസൗഹൃദ പഞ്ചായത്ത് ആക്കി മാറ്റൽ

അടങ്കൽ - 393230/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ് - 381478/-രൂപ

നിർവ്വഹണഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. ബിൽ 04/18-19, തീയതി, 11-10-2018, 60400/-രൂപ. സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ എന്നിവ പഠിപ്പിക്കാ തെരഞ്ഞെടുത്തവരുടെ യോഗ്യതാ സർട്ടിഫിക്കറ്റ്, ഇവരെ നിയമിച്ച മാനദണ്ഡം എന്നിവ വ്യക്തമാക്കാൻ നൽകിയ ഓഡി അന്വേഷണത്തിന്റെ (നം.16/27-11-2019) മറുപടിയിൽ, പഠിപ്പിക്കുന്നവരുടെ യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധ നടത്തിയില്ലെന്നും ഉയർന്ന യോഗ്യതയുള്ളവർക്ക് കൂടുതൽ പ്രതിഫലം നൽകണമെന്നതുകൊണ്ട് പ്രാദേശിക പരിഗണനവച്ചാ തെരഞ്ഞെടുപ്പ് നടത്തിയതെന്നുമാണ് വിശദീകരണം. ഇത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ കൃത്യമായ മാനദണ്ഡവു ഗുണനിലവാരവും ഉറപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ബിൽ 11/18-19, തീയതി, 114-01-2019, 76000/-രൂപ. ബാലസൗഹൃദ തദ്ദേശ ഭരണം- പ്രതീക്ഷ – ദർശനരേഖയുടെ അച്ചടിയു ക്വട്ടേഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡി അന്വേഷണത്തിന് (നം.16/27-11-2019) വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഇത്തരം പ്രവർത്തനം നടത്തുമ്പോൾ രജിസ്റ്ററുക പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ബിൽ 22/18-19, തീയതി, 26-03-2019, 122045/-രൂപ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 25000/-രൂപയുടെ പുസ്തക വാങ്ങിയിട്ടുണ്ട്. അതിന്റെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡി അന്വേഷണത്തിന് (നം.16/27-11-2019) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 25000/-രൂ തടസ്സപ്പെടുത്തുന്നു.

## 1-53 അംഗൻവാടികൾക്ക് പാചകപാത്രം വാങ്ങിയത് ഏകീകൃത രീതിയിലല്ല

പ്രോജക്റ്റ് നം - 272/18-19

പ്രോജക്റ്റിന്റെ പേര് -അംഗൻവാടികൾക്ക് പാചകപാത്രം

അടങ്കൽ - 100000/-രൂപ (തനതു ഫണ്ട്)

ചെലവ് - 100000/-രൂപ (തനതു ഫണ്ട്)

ചെക്ക് നം. - 6954800371 തീയതി, 19-03-2019

അംഗനവാടികൾക്ക് ആവശ്യമായ പാത്രങ്ങൾ വാങ്ങിയത് ഏകീകൃതമായ രീതിയിലല്ല. ഓരോ അംഗനവാടിയും പ്രത്യേക വാങ്ങലുകൾ നടത്തുകയായിരുന്നു. ഓരോ അംഗനവാടിയുടെയും ആവശ്യങ്ങൾ ക്രോഡീകരിച്ച് സ്റ്റോർ പർച്ചേസ് മാനുവലില വ്യവസ്ഥകൾ പ്രകാരം ഒരുമിച്ച് വാങ്ങൽ നടത്തേണ്ടതായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.25/28-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം വാങ്ങൽ പ്രക്രിയകളിൽ ഭരണസമിതി കൂടുതൽ ജാഗ്ര പുലർത്തേണ്ടതാണ്.

## 1-54 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നിർവ്വഹണത്തിലെ അപാകതകൾ

എച്ച്.എം നിർവ്വഹണഉദ്യോഗസ്ഥയായി എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നതിനായി 4,79,400/-രൂ ചെലവഴിച്ച് 17 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പിൽ നിന്നും ടി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം (17 ഗുണഭോക്താക്കളു ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താവ് പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഉദാ.സുറുമി.ആർ, കിടങ്കിൽ കോളനി പുന്നക്കുളം കോട്ടുകാൽ

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ്അന്വേഷണം നം-19/19 തീ.27.11.19-ന് ശ്രദ്ധയിൽപ്പെടുത്തിയ അപാകതക പരിഹരിക്കുന്നതാണെന്ന് നിർവ്വഹണഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-55 വൃദ്ധർക്ക് കട്ടിൽ വിതരണം - മാർഗരേഖയിലെ സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല.

പ്രോജക്ട് . വൃദ്ധർക്ക് കട്ടിൽ വിതരണം

പ്രോജക്ട് നം . 184/19

അടങ്കൽ തുക . 369750/-

ചെലവ് . 369706/-

ബിൽ നം/തിയതി . 1/18-19- 22.12.18

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ നടപടികൾ കൂടാതെ ആർട്ട്കോയിൽ നിന്നും 85 കട്ടിലുകൾവാങ്ങി വിതരണ ചെയ്തിട്ടുണ്ട്.സബ്സിഡിമാർഗരേഖ (സഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീ14.02.18) ഖണ്ഡിക 7.1.13(2) -ൽ നിഷ്കർഷിച്ചിട്ടുള സ്പെസിഫിക്കേഷൻ പ്രസ്തുത വാങ്ങൽ നടപടിയിൽ പാലിച്ചിട്ടില്ല.ആർട്ട്കോയുടെ ഇൻവോയിസ് (നം INV-TVM0045 തീ.15.12.18)പ്രകാരം സ്പെസിഫിക്കേഷൻ 1.80 സെ.മീ നീളം,90സെ.മീ വീതി, 40 സെ.മീ ഉയരം എന്നിങ്ങനെയാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ്അന്വേഷണം നം-38/19 തീ.29.11.19-ന് ലഭ്യമാക്കിയ മറുപടിയിൽ ആർട്ട്കോയുടെ ബില്ലിൽ വന പിശകാണെന്നും കറക്ട് ചെയ്ത് നൽകാമെന്നും ആർട്ട്കോ അറിയിച്ചതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന ഹാജരാക്കുന്നതാണന്ന് അറിയിക്കുകയുണ്ടായി. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കുന്നതിന് നിർവ്വഹണഉദ്യോഗസ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-56 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ പി,എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ<br>പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | 35/19 PHCയ്ക്ക് മരുന്ന വാങ്ങൽ | 640000/- | 640000/- |
| 2 | 52/19പാലിയേറ്റീവ് കെയർ, ആയുർവ്വേദം | 20000/- | 20000/- |

| | | | |
|---|---|---|---|
| 3 | 39/19 PHCയ്ക്ക് ലാബ് റീയേജന്റ് വാങ്ങൽ | 250000 | 250000 |
| 4 | 42/19പാലിയേറ്റീവ് കെയർ വ്യദ്ധർ | 800000/- | 616980/- |
| 5 | 45/19മന്തുരോഗ പ്രതിരോധപ്രവർത്തനവും ക്യാമ്പും | 150000/- | 86500/- |
| 6 | 40/19 PHCയിലെ ECGയ്ക്ക് സാധനങ്ങൾ വാങ്ങൽ | 25000/- | 13660/- |
| 7 | 43/19 ലേബർകോട്ട് വാങ്ങൽ | 50000/- | 46500/- |
| 8 | 46/19 സ്കൂൾ മെന്റൽഹെൽത്ത് അവയർനസ് ക്യാമ്പ് | 100000/- | 67950/- |
| 9 | 44/19 IUDസെറ്റ് വാങ്ങൽ | 15000/- | 5788/- |
| 10 | 304/19ആർദ്രം പദ്ധതി-ജീവനക്കാരുടെ വേതനം | 525000/- | 518197/- |
| 11 | 268/19 PHCയിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | 100000/- | 99967/- |

മേൽ ക്രമ നം 2, പ്രോജക്ട് നമ്പർ 52/19 പ്രകാരം ആയുർവ്വേദ മരുന്ന് വാങ്ങിയത് ജില്ലാ മെഡിക്കൽ ഓഫിസറുടെ നോണ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയാണ്. 1 മുതൽ 9 വരെയുള്ള പ്രോജക്ടുകൾക്ക് 21.03.2018-ന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയു ഭരണസമിതിയുടെയും അംഗീകാരം ലഭ്യമായതായാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ദിവസം സ്റ്റാന്റിംഗ കമ്മിറ്റി കൂടിയിട്ടില്ല. അന്നേദിവസം ഭരണസമിതി കൂടിയെങ്കിലും ബജറ്റ് അവതരിപ്പിച്ച് പാസാക്കുന്ന ഏക അജണ്ടയാണുണ്ടായിരുന്നത്. ക്രമനമ്പർ 10,11 പ്രോജക്ടുകൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റി 29.08.2018-ന് ശുപാർശ ചെയ്തതായി പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസം സ്റ്റാന്റിംഗ്കമ്മിറ്റി കൂടിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറ നമ്പർ 36 ന് ലഭ്യമായ മറുപടി പൂർണ്ണമല്ല. ഭാവിയിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രോജക്ട് നടപ്പിലാക്കാ ശ്രദ്ധിക്കേണ്ടതാണ്.

## 1-57 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

1. 2018-19-ൽ കയർ ഭൂവസ്ത്രം വാങ്ങിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിപാലനം കൃത്യമല്ല- കയർ ഭ്രൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി വാങ്ങിയ കയറിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ പ്രവൃത്തികൾക്കും നൽകിയ കയറിന്റെ അളവ് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. മുന്നിരിപ്പ നീക്കിയിരുപ്പ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. കയർ ഭ്രൂവസ്ത്രം വാങ്ങുന്നതിനായി സ്ഥാപനവുമായി കരാർ/ ധാരണപത്രം ഏർപ്പെട്ടിട്ടില്ല.

5.ബാംബൂനെയിൽസിന് ചെലവായ തുക എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ ബിൽ/വൗച ഹാജരാക്കിയിട്ടില്ല.

ഉദാ:- കുഴിപ്പള്ളം ബൊട്ടാണിക്കൽ ഗാർഡൻ സൈഡ് കയർ ഭ്രൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ 4-ാം ഘട്ടം.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-21/19 തീ.27.11.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തു അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. (വരുമാനപത്രികയിലെ വരുമാനപ്രകാരം).

ഒന്നാം അർദ്ധവർഷം

(എ) സോമതീരം ആയുർവ്വേദിക് ബീച്ച് റിസോർട്സ്, ചൊവ്വര

| ക്രമനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | Demand | Collection | Balance |
|---|---|---|---|---|---|
| 1. | ഗിരിജ.എസ് | 30000/- | 300/- | 180/- | 120/- |
| 2. | ശകുന്തള.എസ് | 30000/- | 300/- | 180/- | 120/- |
| 3. | സിന്ധു.ആർ | 30000/- | 300/- | 180/- | 120/- |
| 4. | സുധകുമാരി | 30000/- | 300/- | 180/- | 120/- |
| 5. | ഉഷ.എൽ | 30000/- | 300/- | 180/- | 120/- |
| 6. | വസന്ത.എ | 30000/- | 300/- | 180/- | 120/- |
| 7. | വസന്തകുമാരി.വൈ | 30000/- | 300/- | 180/- | 120/- |
| 8. | നിധീഷ്.ഡി.എസ് | 45000/- | 450/- | 300/- | 150/- |
| | | | | ആകെ | 990/- |

(ബി) മണൽത്തീരം ആയുർവ്വേദിക് ഹോസ്പിറ്റൽ

| | | | | | |
|---|---|---|---|---|---|
| 1. | പ്രണവ്.പി | 30000/- | 300/- | 180/- | 120/- |
| 2. | ശ്രീദേവി | 48000/- | 450/- | 300/- | 150/- |
| 3. | ദീപ്യ | 60000/- | 600/- | 450/- | 150/- |
| 4. | വിനോദ്.എൻ.എം | 60000/- | 600/- | 450/- | 150/- |
| | | | | ആകെ | 570/- |

(സി) സോമതീരം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & ആയുർവ്വേദിക് ഹോസ്പിറ്റൽ

| | | | | | |
|---|---|---|---|---|---|
| 1. | അഖിൽ.വി.വി | 30000/- | 300/- | 180/- | 120/- |
| 2. | അനിഷ.ജെ.എസ് | 30000/- | 300/- | 180/- | 120/- |
| 3. | അനശ്രീ.എസ് | 30000/- | 300/- | 180/- | 120/- |
| 4. | അരുൺ.എസ്.എസ് | 30000/- | 300/- | 180/- | 120/- |
| 5. | ആര്യ.എൽ | 30000/- | 300/- | 180/- | 120/- |
| 6. | ജനനി.എസ് | 30000/- | 300/- | 180/- | 120/- |
| 7. | ജയമോൾ.സി.ബി. | 30000/- | 300/- | 180/- | 120/- |

| | | | | | |
|---|---|---|---|---|---|
| 8. | ജയലക്ഷ്മി.വി.എം | 30000/- | 300/- | 180/- | 120/- |
| 9. | റീബ ബിനോയ് | 30000/- | 300/- | 180/- | 120/- |
| 10. | റീത്തമ്മ | 30000/- | 300/- | 180/- | 120/- |
| 11. | രേഷ്മ രമേശൻ | 30000/- | 300/- | 180/- | 120/- |
| 12. | സരോജം.റ്റി | 30000/- | 300/- | 180/- | 120/- |
| 13. | ശ്രീക്കുട്ടി.എൽ | 30000/- | 300/- | 180/- | 120/- |
| 14. | ശ്രീരഞ്ജിനി,ജെ | 30000/- | 300/- | 180/- | 120/- |
| 15. | ശ്രീദേവി.എസ് | 30000/- | 300/- | 180/- | 120/- |
| 16. | സ്വാതി.ബി. | 30000/- | 300/- | 180/- | 120/- |
| | | | | ആകെ | 1920/- |

(ഡി) മണൽത്തീരം ബീച്ച് റിസോർട്സ്, ചൊവ്വര

| | | | | | |
|---|---|---|---|---|---|
| 1. | അജേഷ്.ബി. | 30000/- | 300/- | 180/- | 120/- |
| 2. | പ്രസന്നകുമാരി.കെ | 30000/- | 300/- | 180/- | 120/- |
| 3. | രാജൻ.സി | 30000/- | 300/- | 180/- | 120/- |
| 4. | രാജേഷ്.ബി.റ്റി | 75000/- | 750/- | 600/- | 150/- |
| 5. | വത്സല.എസ് | 30000/- | 300/- | 180/- | 120/- |
| 6. | വത്സല.റ്റി | 30000/- | 300/- | 180/- | 120/- |
| 7. | വർഗ്ഗീസ് | 30000/- | 300/- | 180- | 120/- |
| 8. | വാസന്തി.റ്റി.പി | 30000/- | 300/- | 180/- | 120/- |
| 9. | വിജയകുമാരി.എം.എം | 30000/- | 300/- | 180/- | 120/- |
| | | | | ആകെ | 1110/- |

രണ്ടാം അർദ്ധവർഷം

(എ) കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

| | | | | | |
|---|---|---|---|---|---|
| 1. | രജനി | 82806/- | 750/- | 600/- | 150/- |

(ബി) മരിയനിലയം ഹോസ്പിറ്റൽ, അടിമലത്തുറ

| | | | | | |
|---|---|---|---|---|---|
| 1. | സൗമ്യ | 102000/- | 1000/- | 750/- | 250/- |

ആകെ: 4990/-

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20-ന് മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുള്ള 4990/-രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രവൃത്തി ഫയലുകളിൽ നിന്നും ടെണ്ടർ കിഴിവ് വരുത്തിയില്ല

(1) പ്രോ. നം. 234/19 മരുതൂർക്കോണം സബ് സെന്റർ ഇലക്ട്രിഫിക്കേഷൻ

അടങ്കൽ തുക - 100000/- വികസനഫണ്ട്

ചെലവ് തുക - 84,000/- രൂപ

ബിൽ നം. 29,SO234/18-19 തീയതി 17.01.2019

കരാറുകാരൻ - കെ.എസ്. പ്രസാദ്

നിർവഹണാധികാരി- സെക്രട്ടറി

മരുതൂർക്കോണം സബ് സെന്റർ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ശ്രീ. കെ.എസ്. പ്രസാദിന് 16% ടെണ്ടർ കിഴിവിലാണ അംഗീകരിച്ച നൽകിയിരുന്നത് (21.10.2017 ലെ 58(43) ഭരണസമിതി തീരുമാനം). പദ്ധതി നടത്തിപ്പുമായി ബന്ധപ്പെ അപാകതകൾ ചുവടെ.

എ) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

ബി) തയ്യാറാക്കിയിട്ടുള്ള ഫൈനൽ ബിൽ പ്രകാരം ആകെ 83174/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും ടെണ്ടർ കിഴിവ്, നികുതികൾ എന്നിവ ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്.

പ്രവൃത്തി മൂല്യം - 83174/-

ടെണ്ടർ കിഴിവ് @16% = 13308/-

ആകെ പ്രവൃത്തി മൂല്യം = 69866/-

(-) ആദായ നികുതി - 699/-

കരാറുകാരന് അനുവദിക്കേണ്ട തുക - 69167/-

പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാലും, പ്രവൃത്തി ഇനങ്ങളുടെ അളവുകൾ മെഷർ ചെയ്ത് എ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ ചെയ്യൽ എന്നിവയ്ക്കും ചെക്ക് മെഷ ചെയ്യുന്നതിനുമുള്ള ചാർജ്ജസ് തിട്ടപ്പെടുത്തുന്നില്ല. പദ്ധതി പ്രകാരം കരാറുകാരന് ആകെ അനുവദിക്കേണ്ടിയിരുന്ന തുക 69167/- രൂ മാത്രമാണ്. എന്നാൽ ബിൽ പ്രകാരം പിൻവലിച്ച 84000/- രൂപയും കരാറുകാരന് അനുവദിച്ചിരിക്കുന്നു. കരാറുകാരന് അധികമായ നൽകിയ തുക 14833/- രൂപ (84000-69167) തിരികെ ഈടാക്കേണ്ടതും, ആദായനികുതി (699/- രൂപ) ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയ ശേഷമുള്ള തുക 14,134/- (14833-699) രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

<u>(2) പ്രോ. നം. 309/19 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ</u>

അടങ്കൽ തുക - 798250/- വികസനഫണ്ട്, തനത് ഫണ്ട് – 10000/-

10000/- തനതു ഫണ്ട്

ചെലവ് തുക - 697873/- രൂപ വികസനഫണ്ട്

ബിൽ നം. SO309/18-19panchayat office electrification തീയതി 20.03.2019

കരാറുകാരൻ - സുരേഷ് റ്റി

നിർവഹണാധികാരി- സെക്രട്ടറി

പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെ ശ്രീ.സുരേഷ്.റ്റി-ക്ക് പ്രവൃത്തി അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

എ) 5ലക്ഷം രൂപയിലധികം അടങ്കൽ നിർണ്ണയിച്ച പ്രവൃത്തിക്കായി ഇ ടെണ്ടർ നടപടികള് സ്വീകരിമായിരുന്നു. എന്നാ ഗ്രാമപഞ്ചായത്ത് മാന്വൽ ടെണ്ടറുകളാണ് ക്ഷണിച്ചിട്ടുള്ളത്.

ബി) ടെണ്ടർ രജിസ്റ്റർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് ശ്രീ. സുരേഷ് റ്റി - 22% കുറഞ്ഞ നിരക്കിലാണ്. മ ടെണ്ടേഴ്സ് ശ്രീ. എൽ വിജയൻ -14% കുറവ്, ശ്രീ. കെ.എസ്. പ്രസാദ്- 3% കുറവും ആയിരുന്നു.

സി) പദ്ധതിയുടെ കുറിപ്പ് ഫയൽ (ഫയൽ നം. എ2/8117/17) ഒന്നാം പേജിൽ ഏറ്റവും കുറഞ്ഞ നിരക്ക് (സുരേഷ് റ്റി -22% കുറവി എന്നു) രേഖപ്പെടുത്തിയ ശേഷം 4%കുറവിൽ എന്നു തിരുത്തിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ ഫോറത്തിലും നിരക്ക് 4 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറിപ്പ് ഫയൽ രണ്ടാം പേജിൽ ശ്രീ. വിജയൻ രണ്ടാമതായി എത്തിയ ടെണ്ടറർക്ക് 13.11.17 ല കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇ.എം.ഡി. തിരികെ നൽകാവുന്നതാണ് എന്ന് രേഖപ്പെടുത്തി തുക തിരിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഡി) 21.10.2017 ലെ ഭരണസമിതി യോഗതീരുമാനം നം. 58(41) പ്രകാരം പ്രവൃത്തിക്ക് അംഗീകൃതലൈസൻസോടു കൂടിയ ശ്രീ സുരേഷ് റ്റി.യുടെ ടെണ്ടർ അംഗീകരിച്ചും, ടിയാളുമായി എഗ്രിമെന്റ് വച്ച് പണി ചെയ്യിക്കുന്നതിനും പഞ്ചായത്തു കമ്മി തീരുമാനിച്ചിട്ടുണ്ട്. (ടെണ്ടർ നിരക്കുകകൾ രേഖപ്പെടുത്തിയിട്ടില്ല)

ഇ) ശ്രീ.സുരേഷ്റ്റി.ക്ക് പ്രവൃത്തി അനുവദിച്ചുകൊണ്ടുള്ള കത്ത്, നിർവഹണാധികാരിയുമായി കരാർ ചമച്ചതിനുള്ള രേഖക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിനുള്ള രേഖകൾ, പ്രവൃത്തിക്കായി സ്ഥലം കൈമാറികൊണ്ടുള്ള രേഖകൾ എന്നി ഫയലിൽ ലഭ്യമല്ല.

എഫ്) പ്രവൃത്തിക്കായി 810000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്ത ചെക്ക് മെഷർ ചെയ്തതിനുള്ള രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ജി) എം ബുക്കിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർചെയ്തിട്ടില്ല. പ്രവൃത്തി ബില്ല തയ്യാറാക്കിയ വിവരങ്ങ മാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എച്ച്) തയ്യാറാക്കിയിട്ടുള്ള ഫൈനൽ ബിൽ പ്രകാരം ആകെ 642117.80 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട പ്രവൃത്തിമൂല്യത്തിനുമേൽ എസ്റ്റിമേറ്റ്/ബിൽ തയ്യാറാക്കുന്നതിനും, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കുള്ള 4% സെന്റേ ചാർജ്ജ് കൂടി ഉൾപ്പെടുത്തി 667803/- രൂപയുടെ ബിൽ തയ്യാറാക്കി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയുണ്ടായി. ടെണ്ട കുറവ് ബില്ലിൽ കുറവു ചെയ്തില്ല.

പ്രവൃത്തിക്കായി അനുവദിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 642117.80

ടെണ്ടർ കുറവ് @22% - 141266

ആകെ പ്രവൃത്തി മൂല്യം - 500852

സൂപ്പർവിഷൻ ചാർജ് – 3% – 15026/-

ചെക്ക് മെഷർമെന്റ് – 1% – 5008/-

ആകെ – 520886/-

ബിൽ തുക (പാസ്സാക്കേണ്ട തുക) - 520886

(-) ആദായ നികുതി @1% - 5009

(-) സി.ജി.എസ്.റ്റി.@1% - 5009

(-)എസ്.ജി.എസ്.റ്റി.@1% - 5009

കരാറുകാരനു നൽകേണ്ട തുക - 485825/-

ബിൽ പ്രകാരം കരാറുകാരനു നൽകിയ തുക - 647766/-

അധികമായി കരാറുകാരന് അനുവദിച്ച തുക - 161941/-

പദ്ധതി പ്രകാരം കരാറുകാരന് ആകെ അനുവദിക്കേണ്ടിയിരുന്ന തുക 485825/- രൂപ മാത്രമാണ്. എന്നാൽ ബിൽ പ്രകാര പിൻവലിച്ച 667803/- രൂപയിൽ നിന്നും 1% നിരക്കിൽ ആദായനികുതി (6679), സി.ജി.എസ്.ടി (6679), എസ്.ജി.എസ്.ടി. (6679 എന്നിവ കുറവു ചെയ്തശേഷം 647766/-രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ തുക 161941/ രൂപ തിരികെ ഈടാക്കേണ്ടതും, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക (നം.14/26.11.2019,59/29.11.2019) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ ടെണ്ടർ രേഖകളിൽ തിരുത്തൽ വരുത്തിയത് സംബന്ധി വിഷയങ്ങളിന്മേൽ പരിശോധന നടത്തേണ്ടതും, വീഴ്ച വരുത്തിയവരുടെ മേൽ അച്ചടക്ക നടപടികൾക്കു ശുപാർശ ചെയ്യേണ്ടതുമാണ ഇതു സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 ടെൻഡർ തുക കുറവ് ചെയ്തതിലെ അപാകത

പദ്ധതിയുടെ പേര്. ജൂബിലി നഗർ അപ്രോച്ച് റോഡ് കോൺക്രീറ്റ് (286/19)

അടങ്കൽ തുക 449000/- ( MF R)

ചെലവ് തുക 309878/- (401139044, 30.1.2019)

കരാറുകാരൻ ശ്രീ. രാജേന്ദ്രൻ എസ്

എം ബുക്ക് നം 356/18-19

മേൽ പദ്ധതി നടപ്പാക്കുന്നതിന് ലഭിച്ച ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ തുക, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 33.9% കുറവ് ക്വാ ചെയ്ത കരാറുകാരനായ ശ്രീ. രാജേന്ദ്രൻ എസ് ന് എം ബുക്ക് പ്രകാരം അനുവദനീയമായതിലും അധികം തുക ണക്കാക്ക നൽകിയിരിക്കുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

നൽകിയ തുക

ആകെ പ്രവൃത്തി മൂല്യം 448448/-

കുറവ് ചെയ്ത തുക 138570/-

പ്രവൃത്തി മൂല്യം 309878/-

ആകെ നികുതി 12396/-

നിയമാനുസൃത നികുതി

കുറവ് ചെയ്ത് കരാറുകാരന് 297482/-

നൽകിയ തുക

നൽകേണ്ട തുക

ആകെ പ്രവൃത്തി മൂല്യം 448448/-

ടെഡർ നിരക്ക് കുറവ് ചെയ്യേണ്ടത് 33.9%

കുറവ് ചെയ്യേണ്ട തുക 152024/-

ആകെ നികുതി 11856/-

നിയമാനുസൃത നികുതി

കുറവ് ചെയ്ത് കരാറുകാരന് 284568/-

നൽകേണ്ട തുക

അധികം നൽകിയ തുക 12914/-( 297482- 284568)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 17/19 27.11.2019) മറുപടിയായി അസിസ്റ്റന്റ് എക്സിക്യൂട്ടീ എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ബില്ല് പാസ്സാക്കി വന്നതിന്റെ അടിസ്ഥാനത്തിൽ തുക നല്കിയതാണെന്നും തിരിെ ഈടാക്കുന്നതാണെന്നും അറിയിച്ചു. അധികം നൽകിയ 12914/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേ തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019, 25.06.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1341/2019 തീയതി 19.08.2019 |

## 4-2 സംയുക്ത പ്രൊജെക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2018-19 | 2418 | Refund | | 2418 |
| | 260774 | ലൈഫ് SC | 100000 | 160774 |
| | 175000 | ഹരിത ഭവനം | 175000 | |

| | | | | |
|---|---|---|---|---|
| | | | | |
| | 176250 | സ്നേഹ സ്പർശം | 176250 | |
| | 240000 | ക്ഷീര സമൃദ്ധി | 240000 | |
| | 1320000 | ലൈഫ് | 1320000 | |
| | 13657 | ജൈവ സമൃദ്ധി | 13657 | |
| ബ്ലോക്ക് പഞ്ചായത്ത് 2018-19 | 424000 | കിണർ | | 424000 |
| | 15000 | ജൈവ സമൃദ്ധി | 15000 | |
| | 1590 | Refund | | 1590 |
| | 1025243 | ലൈഫ് | 720000 | 305243 |
| | 213750 | സ്നേഹ സ്പർശം | 176250 | 37500 |
| | 950000 | ക്ഷീര സമൃദ്ധി | 950000 | |

# 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 174/19 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 1062791 | | 1062791 |
| | 227/19 എല്ലാ വാർഡുകളിലെയും ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 382440 | | 382440 |
| | ആകെ | 1445231 | | 1445231 |
| KWA | 10/19 | 695000 | | 695000 |
| " | 231/19 | 151700 | | 151700 |
| | ആകെ | 846700 | | 846700 |

- ആകെ വാർഷിക കണക്കുകൾ പ്രകാരം (RP47) കേരള വാട്ടർ അതോറിറ്റിക്ക് 367160/- രൂപയും, വൈദ്യുതി ബോർഡിന 1262748/- രൂപയുമാണ് നിക്ഷേപ പ്രവൃത്തികൾക്ക നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.
- വാർഷിക കണക്കുകൾ പ്രകാരം (RP47) കേരള വാട്ടർ അതോറിറ്റിയും 367160/- രൂപയും വൈദ്യുതി ബോർഡിനു 12,62,748/ രൂപയുമാണ്. നിക്ഷേപ പ്രവൃത്തികൾക്ക നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവര താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻ വർഷം | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|

| | തീയതി | തുക | ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt) 275/2010/ lsgd/ 27.10.2010 | | 1917455 | 2760980 | - |
| KURDFC | GO(ms) 68/2018/ lsgd- 18.5.2018 | 23795315 | | | 23795315 |

# 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 175954996 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 144633537 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4990 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 189688 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3298284 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4990 | - | ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി<br>ശ്രീ.ഹരിൻ ബോസ്.എ, സെക്രട്ടറി |
| 3-1-1 | - | 14833 | ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി |
| 3-1-2 | - | 161941 | ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി |
| 3-2 | - | 12914 | ശ്രീമതി. സരിത ജെ., |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |
| ആകെ | 4990 | 189688 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 46625 | 16700/- രൂപ – ശ്രീ.വിഷ്ണു നമ്പൂതിരി – സെക്രട്ടറി<br>29925/- രൂപ - ശ്രീ.ഹരിൻ ബോസ് – സെക്രട്ടറി |
| 1-27 | 210000 | ശ്രീ. ഹരിൻ ബോസ്. എ, സെക്രട്ടറി |
| 1-37 | 846700 | ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി |
| 1-38 | 1445231 | ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി |
| 1-39 | 34370 | ശ്രീമതി.ഷീജ പി.എസ്, സെക്രട്ടറി |
| 1-41 | 690358 | ശ്രീമതി.ഷീജ പി.എസ്, സെക്രട്ടറി |
| 1-52 | 25000 | ശ്രീമതി. ലത എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | ആകെ | 32,98,284/- |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരിൻ ബോസ്. എ, സെക്രട്ടറി | | ബോസ് ഭവൻ, അമ്പിളിയോട്, ബാലരാമപുരം |
| ശ്രീ.വിഷ്ണു നമ്പൂതിരി, സെക്രട്ടറി | സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, ടി.സി.64/2326, തിരുവനന്തപുരം – 27 |
| ശ്രീമതി. സരിത ജെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അഭിരാമം, പാലോട്ട്കോണം, അമരവിള പി.ഒ |
| ശ്രീമതി. ലത എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ആര്യഭവൻ, ആനാർകുഴി, പെരിങ്ങമ്മല, കല്ലിയൂർ പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 3 |
| 2007- | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, | 4 |

| | | |
|---|---|---|
| 08 | തീയതി, 22.06.2018 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16തീയതി.21.11.16 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1639/2017 തീയതി 16.08.2017 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2349/2019 തീയതി 15.03.2019 | |

ഒ
ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകു

# അനുബന്ധം – I ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാ വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശി ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒ

ഡെപ്യൂട്ടി ഡയറക്ട
കേരളസംസ്ഥാന ഓഡിറ്റ് വകു